# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാനൂർ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി15/1050/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാനൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാനൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാനൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1-സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം (ഇമെയിൽ)
2-ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(എയിംസിൽ)
3-ഡയറക്ടർ,നഗരകാര്യവകുപ്പ് ,തിരുവനന്തപുരം (ഇമെയിൽ)
4-റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യം,കോഴിക്കോട് (ഇമെയിൽ)
5-കാര്യാലയ പ്രതി

നമ്പർ: കെഎസ്എ/കെഎൻആർ/സി15/1050/22 തീയ്യതി: 25/07/2022

## കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-09-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഷൈമകുമാരി.എസ്.എൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷഹീൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി.ഉഷ.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി.ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രമ്യ.ടി, ഓഡിറ്റർ
ശ്രീ.പ്രത്യുഷ്.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ.വി.റംല | ചെയർപേഴ്സൺ | 01-04-2019 | 19-10-2019 |
| ശ്രീമതി.കെ.വി.റംല | ചെയർപേഴ്സൺ | 21-10-2019 | 17-11-2019 |
| ശ്രീമതി.സുവർണ്ണ .ഇ.കെ | ചെയർപേഴ്സൺ | 18-11-2019 | 31-03-2020 |
| ശ്രീ.സന്തോഷ്.എൽ.പുറക്കാട്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 08-04-2019 |
| ശ്രീ.മമ്പള്ളി സന്തോഷ് കുമാർ | സെക്രട്ടറി | 09-04-2019 | 19-09-2019 |
| ശ്രീ.കെ.കെ.രാജൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-09-2019 | 26-09-2019 |
| ശ്രീ.കെ.ജി.രവീന്ദ്രൻ | സെക്രട്ടറി | 27-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീന | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.അനിൽകുമാർ.സി | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.അനിൽകുമാർ.ഐ.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.ഷാഹിന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്യാമള.കെ.ആർ | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷൈന.കെ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.കെ.രാജൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.പ്രകാശൻ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 06-08-2019 |
| ശ്രീ.ചിറമ്മൽ അബ്ദുൽ റഫീഖ് | ഹെൽത്ത് ഇൻസ്പെക്ടർ | 07-08-2019 | 05-09-2019 |
| ശ്രീ.മജീദ്.വി.കെ | ഹെൽത്ത് ഇൻസ്പെക്ടർ | 06-09-2019 | 23-09-2019 |
| ശ്രീ.സുരേഷ് കുമാർ.സി. | ഹെൽത്ത് ഇൻസ്പെക്ടർ | 24-09-2019 | 31-03-2020 |
| ഡോ.ജിബിൽ | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |

പാനൂർ നഗരസഭ ചെയർപേഴ്സൺ 19.10.2019ൽ രാജി വെച്ചു. 21.10.2019ൽ നടന്ന വൈസ് ചെയർമാൻ തെരഞ്ഞെടുപ്പിൽ ശ്രീമതി.കെ.വി.റംല എന്നവരെ വൈസ് ചെയർപേഴ്സൺ ആയി തെരഞ്ഞെടുത്തു. പുതിയ ചെയർമാനെ തെഞ്ഞെടുക്കുന്നതുവരെ നഗരസഭ ചെയർമാന്റെ അധിക ചുമതല വൈസ് ചെയർപേഴ്സൺ നിർവ്വഹിക്കുന്നതിന് 29.10.2019ലെ ഭരണസമിതി യോഗം തീരുമാനിച്ചു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 14-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 15-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AU EGS)<br>Written By: Shyma Kumari S.L (Audit Officer, On 17-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-6 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - മറ്റു വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 17-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Lathavani (Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-7 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ മരണാനന്തരം നൽകുന്നത്<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-7-1 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-9 |
| 13 | വാർഡ് സഭ<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-10 |
| 14 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 1-11 |
| 15 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-12 |
| 16 | നികുതി നിർണയിച്ചതിലെ അപാകതകൾ<br>Written By: Remya T (Auditor, On 21-07-2022)<br>Last Updated By: Remya T (Auditor, On 22-07-2022) | 1-13 |
| 17 | തൊഴിൽ നികുതി രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്<br>Written By: PRATHYOOSH S (Auditor, On 20-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-14 |

| | | |
|---|---|---|
| 18 | ലൈസൻസ് വരവ് - അപാകതകൾ<br>Written By: Remya T (Auditor, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-15 |
| 19 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഉറപ്പാക്കേണ്ടതാണ്.<br>Written By: Remya T (Auditor, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-16 |
| 20 | ലേലം വരവ് അപാകങ്ങൾ സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-17 |
| 21 | എസ് ഇ ബി കെട്ടിടത്തിന്റെ വാടക വസ്തുനികുതിയിൽ ക്രമീകരിച്ചത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-18 |
| 22 | ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പി സി എ അനുവദിച്ചത് അധികം നൽകിയ 3247/- രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-19 |
| 23 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധി വേതനം അനുവദിച്ചതിലെ അപാകങ്ങൾ. 2685 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-20 |
| 24 | ദിവസ വേതനം അധികം നൽകി 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 1-21 |
| 25 | വിമുക്തി ഫണ്ട് വിനിയോഗിച്ചതിലെ അപാകങ്ങൾ 43554 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 1-22 |
| 26 | മാലിന്യ നിർമ്മാർജനം ആദായ നികുതി ഈടാക്കിയിട്ടില്ല. 1950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-23 |
| 27 | ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കൽ ആദായനികുതി കുറഞ്ഞനിരക്കിൽ ഈടാക്കി 4999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-24 |
| 28 | വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല.<br>Written By: Shaheen.P (Asst. Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 1-25 |
| 29 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കി ഒടുക്കാത്തത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 1-26 |
| 30 | കുടിവെള്ള വിതരണം അപാകങ്ങൾ 14161 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-27 |
| 31 | തനത് ഫണ്ട് വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 21-07-2022) | 1-28 |

| | | |
|---|---|---|
| | Last Updated By: Lathavani (Audit Officer, On 22-07-2022) | |
| 32 | വീട് വാസയോഗ്യമാക്കൽ (എസ്.സി)- രേഖകൾ ഹാജരാക്കിയിട്ടില്ല- ₹1382381യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-29 |
| 33 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-30 |
| 34 | നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി- രേഖകൾ ഹാജരാക്കിയിട്ടില്ല- ₹77290യുടെ തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-31 |
| 35 | പാനൂർ നഗര സഭാ സെക്രട്ടറിക്ക് ലാപ് ടോപ് വാങ്ങൽ- രേഖകൾ ഹാജരാക്കിയിട്ടില്ല ₹38902യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-32 |
| 36 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തുക ₹755000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 1-33 |
| 37 | പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല ₹9817യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-34 |
| 38 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മാർഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ ₹65000യുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-35 |
| 39 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-അർഹതപ്പെട്ട തുക അനുവദിച്ചിട്ടില്ല<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-36 |
| 40 | എസ്.സി പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല-₹296000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-37 |
| 41 | ഭവന നവീകരണം-ചെലവ് രേഖകളുടെ അഭാവത്തിൽ 1,49,506 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-38 |
| 42 | PMAY/ ലൈഫ് ഭവന പദ്ധതി- അർഹതപ്പെട്ടതിലും അധികം തുക അനുവദിച്ചതും ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതും.<br>Written By: Usha.A (Asst. Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-39 |
| 43 | ലൈഫ് പദ്ധതി -പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് ധനസഹായം നൽകൽ - രേഖകൾ/മറുപടിയുടെ അഭാവത്തിൽ 40000 രൂപയുടെ ചെലവ് | 1-40 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | |
| 44 | ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതി -ചെലവ് രേഖകളും , ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല ₹4,29,583യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-41 |
| 45 | മരാമത്ത് പ്രവൃത്തി സംബന്ധിച്ച കരാറുകാരനെ തിരഞ്ഞെടുക്കുന്നതിൽ സുതാര്യത പാലിക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 17-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-42 |
| 46 | 3% തുക ജി എസ് ടി കോമ്പൻസേഷനായി തടഞ്ഞുവെച്ച തുക- സെക്രട്ടറിയുടെ അക്കൗണ്ടിൽ<br>Written By: Shyma Kumari S.L (Audit Officer, On 17-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-43 |
| 47 | നെൽകൃഷിക്ക് വിത്തും കൂലിചെലവും- അപാകങ്ങൾ<br>Written By: Usha.A (Asst. Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-44 |
| 48 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - തുക മുഴുവൻ വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-₹29716.50 അടവാക്കേണ്ടതാണ്.<br>Written By: Sumathi.T.O (Auditor, On 19-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-45 |
| 49 | പി എച്ച് സി മേക്കന്നിന് വേണ്ടി ഹെമറ്റോളജി മെഷീൻ വാങ്ങൽ-തനത് ഫണ്ടിലെ ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: PRATHYOOSH S (Auditor, On 20-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-46 |
| 50 | പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.<br>Written By: PRATHYOOSH S (Auditor, On 21-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-47 |
| 51 | തുടർസാക്ഷരത - തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 20-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-48 |
| 52 | ബാലസഭ ശാക്തീകരണം- സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല ₹30000തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 20-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പി സി എ അനുവദിച്ചത് അധികം നൽകിയ 3247/- രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 3-1 |
| 2 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധിവേതനം അനുവദിച്ചതിലെ അപാകങ്ങൾ. 2685 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 3-2 |
| 3 | ദിവസ വേതനം അധികം നൽകി 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Lathavani (Audit Officer, On 22-07-2022) | 3-3 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | |
| 4 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ ₹65000യുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Sumathi.T.O (Auditor, On 22-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: Lathavani (Audit Officer, On 22-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 22-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 4-11 |
| 12 | ഓഡിറ്റ് നിർദേശപ്രകാരം തിരിച്ചടച്ച തുകയുടെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 17-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-07-2022) | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| ഭരണസമിതി തീരുമാനം & തിയ്യതി | 27.2.2019 നം ഇല്ല | ഭരണസമിതി തീരുമാനം & തിയ്യതി | 1/20 Dt 24/3/2020 |
| മുന്നിരിപ്പ് | 139177584 | മുന്നിരിപ്പ് | 67197151 |
| വരവ് | 223650007 | വരവ് | 277849979 |
| ആകെ | 362827591 | ആകെ | 345047130 |
| ചെലവ് | 320092261 | ചെലവ് | 294231920 |
| നീക്കിയിരിപ്പ് | 42735330 | നീക്കിയിരിപ്പ് | 50815210 |

റിവൈസ്ഡ് ബജറ്റിന്റെ വിശദ വിവരങ്ങൾ ഭരണസമിതി മിനുട്ട്സിൽ ചേർത്തിട്ടില്ല .

## 1-2 വാർഷിക ധനകാര്യ പത്രിക

പാനൂർ നഗരസഭയുടെ 29.07.2020ലെ 1/2020 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 30.07.2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1- മുൻകൂർ രജിസ്റ്റർ & ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻവർഷങ്ങളിൽ നൽകിയ മുൻകൂർ ഇപ്പോഴും ക്രമീകരിച്ചിട്ടില്ല

2- താഴെ പറയുന്ന ഡിസി ബി ഇനങ്ങൾ ഡിമാൻഡ് കളക്ഷൻ നീക്കിയിരിപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല . ഡിസി ബി ഇനങ്ങളുടെ രജിസ്റ്റർ സംക്ഷിപ്തം ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ഇനം | ഡിമാൻഡ് | കളക്ഷൻ | നീക്കിയിരിപ്പ് ഉണ്ടായിരിക്കേണ്ടത് | നീക്കിയിരിപ്പ് (AFS പ്രകാരം ) (B-15) |
|---|---|---|---|---|
| വസ്തു നികുതി-കറണ്ട് | 8066850 | 5813239 | 2253611 | 3181334 |
| തൊഴിൽ നികുതി-ട്രേഡേഴസ് -കറണ്ട് | 6,00,000 | 1064463 | - | 30703 |
| തൊഴിൽ നികുതി-ജീവനക്കാർ | 31,48,932 | 3071582 | 77350 (ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല) | 0 |
| ലൈസൻസ് | 1048510 | 158225 + | 1,26,495 | 899695 |

| | | | | |
|---|---|---|---|---|
| ഫീസ് -കറണ്ട് | (1-4(b) | (RP-37) 2019-20 763790(RP-29 2018-19) | | |
| വാടക-സിവിക് അമ്നിറ്റീസ് | 7,00,000 | 704592 | - | 64480 |
| സർവ്വീസ് സെസ്സ് -കറണ്ട് | 594265 | 379203 | 215062 | 83764 |

3- താഴെ പറയുന്ന ഡിസി ബി ഇനങ്ങളിലെ കുടിശ്ശികയും കളക്ഷനം നീക്കിയിരിപ്പം തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഇനം | 2018-19 AFS പ്രകാരം) (B-15) | കളക്ഷൻ | നീക്കിയിരിപ്പ് ഉണ്ടായിരിക്കേണ്ടത് | നീക്കിയിരിപ്പ് (AFS പ്രകാരം ) (B-15) |
|---|---|---|---|---|
| വസ്തു നികുതി-കുടിശ്ശിക | 1045900 | 2523874 | - | 94303 |
| തൊഴിൽ നികുതി-ട്രേഡേഴ്സ് -കുടിശ്ശിക | 567893 | 99070 | 468823 | 3657 |
| ലൈസൻസ് ഫീസ് -കുടിശ്ശിക | 9410 | 6585 | 2825 | 3415 |
| വാടക-സിവിക് അമ്നിറ്റീസ് -കുടിശ്ശിക | 114478 | 42428 | 72050 | 2978 |
| സർവ്വീസ് സെസ്സ്-കുടിശ്ശിക | 0 | 131298 | | 0 |
| വസ്തു നികുതി സർചാർജജ്-കുടിശ്ശിക | 0 | 2664 | | 0 |

4- ജനറൽ പർപ്പസ് ഗ്രാന്റ് വാർഷിക ധനകാര്യപത്രിക പ്രകാരവും 25458762 അപ്രോപ്രിയേഷൻ രജിസ്റ്ററും 25458766 തമ്മിൽ പൊരുത്തപ്പെടുന്നില്ല

5- (RP-24) ലെ കേന്ദ്രാവിഷ്കൃത ഫണ്ട് ഇനം തിരിച്ച് എഴുതിയിട്ടില്ല .

6- ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുക B-2 വിലെ ₹ 13234 RP-40(b)യിലെ ₹ 13443 യും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

7 – എം പി ഫണ്ട് നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രിക B4ൽ 0യും B 17 & RP-40(b)യിൽ ₹125932യുമാണ്. എം പി ഫണ്ടിലെ എല്ലാ ചെലവും RP-22ൽ ഉൾപ്പെട്ടിട്ടില്ല

8- ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഡിപ്രീസിയേഷൻ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷം എല്ലാ ആസ്തികളുടെയും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

9- ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷ ഡിമാന്റിൽ, റെമിഷൻ/റൈറ്റ് ഓഫ് കാണിച്ചിട്ടില്ല.

10- അങ്കണവാടി പോഷകാഹാരത്തിനായി കേന്ദ്രാവിഷ്ക വിഹിതം ലഭിച്ചതിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ലഭ്യമായിട്ടില്ല

11- RP-10ലെ പലവക വരവുകളുടെ വിശദ വിവരം,I-6 ലെ അദർ റവന്യൂഗ്രാന്റ് തുകകളുടെ വിശദ വിവരം ,RP-24 ലെ ദുരിതാശ്വാസ നിധി തുകകളുടെ വിശദ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല

12- ബി 17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സൂക്ഷിക്കുന്നില്ല. വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല .

3/20ലെ റീകൺസിലിയേഷൻ പത്രികയിലെ താഴെ പറയുന്ന അക്കൗണ്ടിലെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് തമ്മിലുള്ള വ്യത്യാസം താഴെ പറയുന്നു. ഇവ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

| ഇനം | ബാങ്ക് ബുക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| എസ് ബി ഐ -സാലറി A/C No-67291295298 | 518820 | 469154 | 49666* |
| എസ് ബി ഐ-എം പി ഫണ്ട്A/C No -67319690122 | 125932 | 2191681 | 20,65,749** |

* Cheque Deposited But Not Collected - Vr No-&date -31800118 Dt 20.4.2018 - 42,466

* Cheque Deposited But Not Collected - Vr No-&date -31800047 Dt 18.5.2018 - 7,200

**Cheque Issued But Not Presented Into Bank -Vr No-&date -21900819 Dt 26.2.2020 - 4684

**Cheque Issued But Not Presented Into Bank -Vr No-&date -21900820 Dt 26.2.2020 - 4684

**Cheque Issued But Not Presented Into Bank -Vr No-&date -21900821 Dt 26.2.2020 - 4684

**Cheque Issued But Not Presented Into Bank -Vr No-&date -21900822 Dt 26.2.2020 - 4684

**Cheque Issued But Not Presented Into Bank -Vr No-&date -21900759 Dt 30.1.2020 - 4999

** Directly Credited BY The Bank -Vr No-&date -Nil Dt 31.3.2020 - 20,42,014

14- തൻവർഷം അസറ്റ് നിർമ്മാണത്തിനായി ചെലവഴിച്ച തുക ഉൾപ്പെടുത്തി തയ്യാറാക്കിയ B-3 Capital Contribution ന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

15- Capital Work In Progress തുകയുടെ വിശദവിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

16- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

17- K U R D F C Loan രജിസ്റ്റർ, ബന്ധപ്പെട്ട സർക്കാർ ഉത്തരവ് എന്നിവ ഹാജരാക്കിയിട്ടില്ല

18- സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ₹ 1,20,000 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

19- ബി 9 ഷെഡ്യൂളിൽ വിവിധ ബാധ്യതകൾക്കായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല,മുൻവർഷങ്ങളിൽ ഈടാക്കിയ തുക ഒടുക്കാതെ ബാധ്യതയായി രേഖപ്പെടുത്തിയ ഇനങ്ങളുടെ വിവരം നൽകിയിട്ടില്ല.

20- വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (2007 കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 58 (F) ഉൾപ്പെടുത്തിയിട്ടില്ല.

21- ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. (2007 കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 54-5(a). എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

22- വാർഷിക ധനകാര്യ പത്രികയോടൊപ്പം Note On Account തയ്യാറാക്കിയിട്ടുണ്ടെങ്കിലും എല്ലാ അപാകങ്ങൾക്കും കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 6,59,35,122.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 140488207.00 |
| ആകെ | 20,64,23,329.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,63,87,388.00 |
| നീക്കിയിരിപ്പ് | 9,00,35,941.00 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71,762.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,73,143.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂ ബിൽ | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 19358551 | 19358551 | 17097675 | 18,75,038 | 3,85,838 |
| വികസന ഫണ്ട് എസ്.സി.പി | | 38,64,000 | 38,64,000 | 23,18,320 | 15,45,680 | 0 |
| മെയിന്റനൻസ് റോഡ് | | 13552000 | 13552000 | 6476794 | 793809 | 62,81,397 |
| മെയിന്റനൻസ് നോൺറോഡ് | | 96,82,000 | 96,82,000 | 6464833 | 455166 | 27,62,001 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ബേസിക് | | 1,45,40,000 | 1,45,40,000 | 4226034 | 2882572 | 7431394 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 4260224.73 | 4455648.12 | 8715872.85 | 13582741 | | 15,14,168.15 |
| ഫ്ലഡ് വരവ് | 17,510 | 0 | 17510 | 13663 | | 3847 |
| പി എ യു (അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി) | 4213031 | 79960 | 4293027 | 2778823 | | 1514168 |
| എം പി ഫണ്ട് | 68127 | 4070533 | 4138660 | 4138660 | | 0 |
| സെൻട്രൽ ഗവ ഫണ്ട് | 18729767 | 18272203 | 37001970 | | | 18978203 |
| സ്പെസിഫിക് പർപ്പസ്(സ്വച്ഛ് ഭാരത് ) | 1923791 | 6817684 | 8741475 | 18,750 | | 8722725 |
| ഡവലപ്മെന്റ് ഫണ്ട് ഗ്രാന്റ് -സ്പെഷ്യൽ ഗ്രാന്റ് | 61,200 | | 61,200 | 0 | | 61,200 |
| കൈമാറി കിട്ടിയ സ്ഥാപന വരവ് | 351027 | 0 | 351027 | 0 | | 351027 |
| വെൽഫെയർ ബോഡീസ് | 50000 | | 50000 | 0 | | 50000 |
| ഗ്രാന്റ് ഫോർ പ്രോജക്ട് | 513532 | | 513532 | 0 | | 513532 |

വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബന്ധപ്പെട്ട ലഡ്ജർ എന്നിവ

അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ ഫണ്ട് വിനിയോഗം തയ്യാറാക്കിയത്. ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനായി നഗരസഭയിൽ ഒരു രജിസ്റ്ററും സൂക്ഷിക്കുന്നില്ല. സെൻട്രൽ ഗവ. ഫണ്ടിൽ എൻ യു എൽ എം, പി എം എ വൈ മുതലായ കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഇവ ഇനം തിരിച്ച് ലഭ്യമാക്കിട്ടില്ല.

എം പി ഫണ്ട് ചെലവ് വാർഷിക ധനകാര്യ പത്രിക RP-22ൽ 4,49,712 മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. എം പി ഫണ്ട് നീക്കിയിരിപ്പ് RP-40 (B) പ്രകാരം 125932, B4 പ്രകാരം 0 യും ആണ് .

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 251 | 9,62,05,589 | 118 | 4,39,99,455 | 100 | 18 | 133 | 40 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 24,85,852 | 10 | 18,07,936 | 10 | 73 |
| 2 | വെറ്റിനറി സർജൻ | 38,25,000 | 7 | 10,18,708 | 6 | 27 |
| 3 | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 21,27,224 | 5 | 16,75,689 | 5 | 79 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 9,00,000 | 1 | 9,00,000 | 1 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 8,00,000 | 2 | 7,71,539 | 2 | 96 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ | 1,68,48,133 | 14 | 83,51,683 | 7 | 50 |
| 7 | ഹെഡ്മാസ്റ്റർ | 27,86,624 | 7 | 27,13,379 | 7 | 97 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 72,18,810 | 8 | 56,37,556 | 5 | 37 |
| 9 | സെക്രട്ടറി | 1,53,71,559 | 34 | 52,20,829 | 15 | 34 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 4,38,44,387 | 162 | 1,59,02,136 | 60 | 36 |
| | | 9,62,05,589 | 251 | 4,39,99,455 | 118 | 46 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AU EGS)

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 4260224.73 | 4399054.00 | 8715872.85 | 6716393 തൊഴിലാളികളുടെ | 1514168.15 |

| | | | | |
|---|---|---|---|---|
| | 56594.12ബാങ്ക് പലിശ | | കൂലി<br>485311.70 അഡ്മിനിസ്ട്രേറ്റിവ് ചെലവ് | |
| 4260224.73 | 4455648.12 | 8715872.85 | 7201704.70 | 1514168.15 |

## 1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - മറ്റു വിവരങ്ങൾ

മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ കായികാധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. പാനൂർ നഗരസഭയിൽ 2019-20 വർഷത്തിൽ മഴക്കുഴി നിർമാണം, പൊതുസ്ഥലങ്ങളിലെ മാലിന്യം നീക്കം ചെയ്യൽ, ഓടകൾ തോടുകൾ എന്നിവ വൃത്തിയാക്കൽ എന്നീ പ്രവൃത്തികളാണ് ചെയ്തിരിക്കുന്നത്. 127060/- രൂപ എസ്റ്റിമേറ്റുള്ള ഒരു പ്രവൃത്തി ഒഴികെ ബാക്കി നിർവഹണം നടത്തിയ പ്രവൃത്തികൾ ഒരു ലക്ഷത്തിൽ കുറവ് എസ്റ്റിമേറ്റുള്ള പ്രവൃത്തികളാണ്. നാളിതുവരേയും 2623 ആകെ എണ്ണം തൊഴിൽ കാർഡുകൾ വിതരണം നടത്തിയിട്ടുണ്ട്. 2019-20 വർഷത്തിൽ ആകെ 182 എണ്ണം ജനറൽ പ്രവൃത്തികളും 231 എണ്ണം പിഎം എ വൈ പ്രവൃത്തികളും നിർവഹണം നടത്തിയിട്ടുണ്ട്. എന്നാൽ ആകെ 47 കുടുംബങ്ങൾക്ക് മാത്രമേ 100 ദിവസം തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുള്ളൂ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുവാൻ ശ്രദ്ധിക്കേണ്ടതും തൊഴിൽ ആവശ്യപ്പെടുന്ന മുഴുവൻ തൊഴിൽ കാർഡ് ഉടമകൾക്കും തൊഴിൽ ഉറപ്പാക്കേണ്ടതുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 3024600 | 1028 |
| വിധവാപെൻഷൻ | 12336600 | 4167 |
| വാർദ്ധക്യകാലപെൻഷൻ | 23305800 | 7891 |
| ഭിന്ന ശേഷി പെൻഷൻ | 3406700 | 1144 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 1078200 | 366 |
| സാധുക്കളായ വിധവകളുടെ* പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,20,000 | 4 |

* വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ മരണാനന്തരം നൽകുന്നത്

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, പാനൂർ നഗരസഭയിലെ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നമ്പർ | പെൻഷൻ | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഉഷ ശിവദാസ് | 388566787172 | 112850200080 | 8.4.2019 | 102/19dt20.5.2019 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല | 7/19വരെ | ബാങ്ക് അക്കൗണ്ട് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | പെൻഷൻ | | |
| ബാലൻ.പി.കെ | 369407786159 | 111520200600 | 10.5.2019 | 103/19DT21.5.2019 | N O A P | 7/19വരെ | ബാങ്ക് അക്കൗണ്ട് |
| ബാലൻ | 886021603401 | 112850200800 | 16.1.2020 | 22/2020 Dt 3/2/2020 | N O A P | 9/21 വരെ | ബാങ്ക് അക്കൗണ്ട് |
| അബ്ദുള്ള.വി.പി | 566878467617 | 112850200073 | 5.1.2020 | 12/2020 Dt27.1.20 | N O A P | 2/22 വരെ | ബാങ്ക് അക്കൗണ്ട് |
| അബ്ദുള്ള .എം | 599784851241 | 112850200270 | 2.1.2020 | 7/2020 Dt 14.1.2020 | N O A P | 11/20 വരെ | ബാങ്ക് അക്കൗണ്ട് |
| രാജൻ.എം.ടി.കെ | 210234634780 | 112850200944 | 9.1.2020 | 15/20 Dt 27.1.20 | N O A P | 12/21 വരെ | ബാങ്ക് അക്കൗണ്ട് |
| കമാരൻ ടി | 879541905545 | 111560200229 | 27.2.2020 | 38/20DT 12.3.20 | N O A P | 8/20 വരെ | ബാങ്ക് അക്കൗണ്ട് |
| ശാരദ.വി.കെ | 328231007476 | 111520200993 | 25.1.20 | 40/20 DT 12.3.2020 | N O A P | 6/22 വരെ | ബാങ്ക് അക്കൗണ്ട് |
| കുഞ്ഞാമി.എൻ.കെ | 663440581068 | 111560200675 | 24.2.2020 | 41/20 DT 12.3.2020 | N O A P | 6/22 വരെ | ബാങ്ക് അക്കൗണ്ട് |
| നഫീസു | 782535628140 | 111590601329 | 19.2.2019 | 114/2019 DT 13.6.2019 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 4/19 വരെ | ഡയറക്റ്റ് റ്റു ഹോം |
| നാരായണൻ.എൻ | 884598746269 | 111520200764 | 24.5.2019 | 117/19 DT 11.6.2019 | N O A P | 7/19 വരെ | ബാങ്ക് അക്കൗണ്ട് |

മേൽ പരാമർശിച്ച പെൻഷൻ ഗുണഭോക്താക്കളുടെ മരണാനന്തരം നൽകിയ പെൻഷൻ തിരിച്ചീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും,പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെടുമ്പോൾ പെൻഷൻ സസ്പെൻഡ് ചെയ്യാറുണ്ടെന്നും ഈ വർഷം 68 പേരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അവർക്ക് മരണാനന്തരം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മരണപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം റിപ്പോർട്ടു ചെയ്യാൻ ഇതുവരെയായും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ല നഗരസഭയിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഇത് വരെയും ഉറപ്പു വരുത്തിയിട്ടില്ല .സർക്കാർ നിർദ്ദേശ പ്രകാരം നഗരസഭ പരിധിയിലെ വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പുനപ്പരിശോധിക്കുന്നില്ല . ക്ഷേമ പദ്ധതികൾ അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ക്രിയാത്മ നടപടികൾ/ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് . അനർഹമായി കൈപ്പറ്റിയ തുക കേരള സെക്യൂരിറ്റിപെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പറായ 001101023000269 കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് അടക്കേണ്ടതാണ്

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-07-2022 തീയ്യതിയിൽ 3.30pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹76783/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പാനൂർ നഗരസഭയിലെ ആഭ്യന്തര നിയന്ത്രണം തൃപ്തികരമല്ല. 2019-20 വർഷം സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം ചേർന്നിട്ടില്ല. ആകെ 5 യോഗങ്ങളേ ചേർന്നിട്ടുള്ളൂ. സ്റ്റാഫ് മീറ്റിംഗ് മിനുട്ട്സ് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല.

ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോൾ പകരം ജീവനക്കാർക്ക് ചുമതല കൊടുക്കുന്നത് ഉത്തരവാക്കുന്നതല്ലാതെ സമഗ്ര ജോലി വിഭജനം, സെക്ഷൻ പുന:ക്രമീകരണം എന്നിവയൊന്നും ഈകാലയളവിൽ ഉണ്ടായിട്ടില്ല. 3/2020ലെ കോവിഡ് 19 കാലയളവിലും പ്രത്യേക ഓഫീസ് ഉത്തരവാക്കിയിട്ടില്ല. നികുതി/ഫീസുകൾ എന്നിവയുടെ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജീവനക്കർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുക തുടങ്ങിയ ക്രമീകരണങ്ങളൊന്നും

വർഷാവസാനം പോലും നടത്തിയിട്ടില്ല. ഉദ്യോഗസ്ഥർ തൻപതിവേട് സൂക്ഷിക്കുന്നില്ല. സെക്ഷനിലെ ജോലി പുരോഗതി മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഓഫീസിന്റെ സേവന നിലവാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ, നികുതി പിരിവ് പുരോഗതി എന്നിവയൊന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നില്ല. കാലാഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. മുൻവർഷങ്ങളിലെ മുൻകൂറുകൾ ഇതുവരെയായും ക്രമീകരിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക കുറ്റമറ്റതാക്കി തയ്യാറാക്കിയിട്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ മരണാനന്തരം നൽകുന്നത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വാർഡ് സഭ

2019-20 വർഷത്തിൽ ഓരോ വാർഡിലും (ആകെ 40 വാർഡുകൾ) 2 വാർഡുസഭകൾ ( 28/7/2019, 10/2/2020) വീതം ചേർന്നിട്ടുണ്ട്. 28.7.2019ലെ വാർഡ് സഭയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, അയ്യങ്കാളി, P M A Y , ഹരിത ഭവനം, റിംഗ് കമ്പോസ്റ്റ്, കിച്ചൺ ബിൻ പദ്ധതി എന്നിവയിലെ അധിക ഗുണഭോക്താക്കളെ കണ്ടെത്താനുള്ള ചർച്ചകളാണ് നടന്നിട്ടുള്ളത്. 10/2/2020ലെ വാർഡ് സഭയിൽ 2020-21 വാർഷിക പദ്ധതി കരട് പദ്ധതി നിർദ്ദേശങ്ങളാണ് ചർച്ച ചെയ്തത്. വാർഡ് സഭകളിൽ നിശ്ചിത ക്വാറം തികയുന്നുണ്ടെങ്കിലും, ചില വാർഡുകളിലെ ചില യോഗങ്ങളിൽ നിശ്ചിത ക്വാറം തികഞ്ഞിട്ടില്ല. വാർഡ്സഭ മിനുട്ട്സ് കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും ചില വാർഡ്സഭകളിലെ മിനുട്ട്സ് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 15(2) ചട്ടം അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, കൗൺസിൽ എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം വാർഡു സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

## 1-11 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

2000-ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തേ എന്നാൽ 6 മാസത്തിനകം പൊതുജനങ്ങൾക്കു ലഭ്യമാകുന്ന സേവനങ്ങൾ, സേവനം ലഭ്യമാകുന്ന കാലയളവ്, നടപടിക്രമങ്ങൾ തുടങ്ങിയ വിവരങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. 1.11.2015ൽ രൂപീകൃതമായ നഗരസഭയിൽ നാളിതു വരെയായിട്ടും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്തത് ശരിയല്ല. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്ഥാപനത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട പല രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന രജിസ്റ്ററുകൾ തന്നെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കാത്തതും ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്താത്തതുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1- ട്രഷറി, ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രതിമാസം/വർഷാന്ത്യം സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതിന് ശേഷമാണ് വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയത്.ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2- മുൻകൂർ രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ,വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3- ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4- ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ,ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്ട്സ് മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ

5- വിവിധ ഗ്രാന്റുകളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല.

6- ഡിസിബി ഇനങ്ങളുടെ ഡിമാൻഡ്,കളക്ഷൻ, ബാലൻസ് സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7- ജീവനക്കാരുടെ തൻപതിവേട് സൂക്ഷിക്കുന്നില്ല

8-പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് പൂർണ്ണമല്ല

9-വാർഡ് സഭ മിനുട്ട്സ് ആമുഖ പേജിൽ സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് എഴുതിയിട്ടില്ല.

10-എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി രജിസ്റ്ററുകൾ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-13 നികുതി നിർണയിച്ചതിലെ അപാകതകൾ

നഗരസഭയിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ളഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് ₹50 യും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് ₹70 യുമാണ്. നഗരസഭയിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽപെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | പൊട്ടൻ കണ്ടിയിൽ അബ്ദുള്ള | 12/278B ഫ്രഷ്മാർട്ട് ഹൈപ്പർ മാർക്കറ്റ് | 234 | 234x50=11700<br>വർദ്ധനവ് റോഡ് (20%): 2340<br>ആകെ വസ്തുനികുതി : 14040<br>ലൈബ്രറി സെസ് (5%): 702 | 234x70=16380വർദ്ധനവ് റോഡ് (20%): 3276<br>ആകെ വസ്തുനികുതി : 19656<br>ലൈബ്രറി സെസ് (5%): 983 |

മേൽ കെട്ടിടത്തിന്റെ നികുതി പുതുക്കി നിശ്ചയിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്

തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1) 2019-20 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപന മേധാവിയുടെ തസ്തികയും സ്ഥാപനത്തിന്റെ പേരും സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ ആകെ തൊഴിൽ നികുതിയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേര്, തസ്തിക, ഓരോരുത്തരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തൊഴിൽ നികുതി അടവാക്കിയ രസീത് നമ്പറുകൾ, തീയ്യതി എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇത് മൂലം പിരിച്ചെടുക്കുന്ന തൊഴിൽ നികുതി അതാത് ദിവസം തന്നെ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.മേൽ പരാമർശിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ തൻ വർഷത്തെ ആകെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് എന്നിവ രേഖപ്പെടുത്തിയ സംക്ഷിപ്തം തയ്യാറാക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) 1994 ലെ കേരളാ മുൻസിപ്പാലറ്റി നിയമം വകുപ്പ് 249 ,250,253,257 എന്നിവ അനുസരിച്ച് മുനിസിപ്പൽ സെക്രട്ടറി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ തൊഴിൽ ഉടമകളോട് അവരുടെ സ്ഥാപനത്തിൽ തൊഴിൽ എടുക്കുന്നവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും, അപ്രകാരം തൊഴിലുടമകളോ അവരുടെ പ്രതിനിധികളോ

അത്തരത്തിലുള്ള ലിസ്റ്റ് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ബിസിനസ് സ്ഥാപനങ്ങളിൽ (തൊഴിൽ നികതി ട്രേഡേഴ്സ്) നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ മേൽ പറഞ്ഞ രേഖകളോ രജിസ്റ്ററുകളോ തൻവർഷം സൂക്ഷിച്ചിട്ടില്ല.

4) നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭ പരിധിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ആകെ ഡിമാന്റ് 3148932/- രൂപയും വരവ് തുക 3071582 /- രൂപയുമാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റ് തുകയും കളക്ഷൻ തുകയും 2970110/- രൂപയാണ്. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും, രജിസ്റ്റർ പ്രകാരവും 101472 /- രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

മേൽ അപാകങ്ങൾ ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 40, തീ.18-07-2022) നൽകിയ മറുപടിയിൽ മുൻ വർഷങ്ങളിലെ കുടിശിക അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ ചേർക്കാത്തതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നതെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ജീവനക്കാരുടെ തൊഴിൽ നികുതി കറന്റ്, അരിയർ എന്നിങ്ങനെ വേർതിരിച്ച് കാണിച്ചിട്ടില്ല. നഗര സഭ കാര്യാലയത്തിലെ ജീവനക്കാരിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതി വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല എന്നും മേൽ പറഞ്ഞ മറുപടിയിൽ കൂട്ടി ചേർത്തിട്ടുണ്ട്. ഇതിനു മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ അപാകതകൾ പരിഹരിച്ചു കൊണ്ട് കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതാണ്. വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേൺസ് , രജിസ്റ്ററിലെ അതേ ക്രമ നമ്പർ നൽകി ക്രമമായി സൂക്ഷിക്കേണ്ടതാണ്.

## 1-15 ലൈസൻസ് വരവ് - അപാകതകൾ

നഗരസഭയിലെ ചില വാർഡുകളുടെ ലൈസൻസ് വരവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതായോ, ഒമിഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായോ കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമനമ്പർ | വാർഡ്,കെട്ടിട നം, | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കേണ്ടുന്ന ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | പാനൂർ സോൺ 1/88 To 101 | എൻ.കെ.മൂസ്സഹാജി | ടൂറിസ്റ്റ് ഹോം | ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല |
| 2 | 1/189,190,191 | പുഷ്പ.ടി.പി,പന്ന്യന്നൂർ | ലാബ് | “ |
| 3 | 1/215 | സംഗീത്.ടി,മാടപ്പീടിക | മൊബൈൽ റിപ്പയർ | " |
| 4 | 1/301 | എൻ.പ്രവീൺ | അനാദി | " |
| 5 | 1/435 | പ്രഭുൽറാം.വി.പി എരഞ്ഞോളി | സ്റ്റുഡിയോ | " |
| 6 | 1/494 | അശ്വതി.കെ മുല്ലേരിക്കണ്ടിയിൽ,പാനൂർ | ജ്വല്ലറി | " |
| 7 | 12/543 | മനോഹരൻ ,കോട്ടയംപൊയിൽ | ഏഷ്യൻ ട്രേഡേഴ്സ് | " |
| 8 | 12/544s | മഹറൂഫ് | വസ്ത്രവില്പന | " |
| 9 | 12/544h,i,j,m,n,o | അബ്ദുൾ ഖാദർ ഹാജി | വസ്ത്രവ്യാപാരം | " |
| 10 | 12/554 | അനിൽകുമാർ .എ.എൻ | വസ്ത്രവ്യാപാരം | " |
| 11 | 12/564 | വാഹിത,നരവൂർ | ഫാൻസി | " |
| 12 | 12/737 | ബിജു.കെ | കമ്പ്യൂട്ടർ ,ബിൽഡിംഗ് പ്ലാൻ | " |
| 13 | 12/994 | ജോഷിത്.വി | വസ്ത്രവ്യാപാരം | " |
| 14 | 12/1004 | മഹമൂദ്.എം.കെ | വസ്ത്രവ്യാപാരം | " |

| | | | | |
|---|---|---|---|---|
| 15 | 1/88,89 പെരിങ്ങളം സോൺ | മുഹമ്മദ് യൂസഫ് | അനാദി | " |
| 16 | 1/334b | നിസാർ | റ്റൂവീലർ സെയ്ൽ | " |
| 17 | 4/73 | കെ.നാരായണൻ | അനാദി | " |
| 18 | 5/226 | റീജ.ഇ | പ്രിന്റിംഗ് പ്രസ്സ് | " |
| 19 | 7/119 | കെ.കെ.ഫൗസിയ | കലിമ സ്റ്റുഡിയോ | " |
| 20 | 7/256 | സലിം.പി.പി | കാർ വർക്ക് ഷോപ്പ് | " |
| 21 | 9/115 | മൊയ്തു | സ്റ്റേഷനറി | " |
| 22 | 9/137 | രതീഷ്.പി,കുരാറ | ഡോർമാർട്ട് | " |
| 23 | 9/198 സി | മൈമൂനത്ത് | വസ്ത്രവ്യാപാരം | " |
| 24 | 9/360,361,362 | അബൂബക്കർ പുതിയപുരയിൽ | സ്വർണ്ണാഭരണ വില്പന | " |
| 25 | 9/415 | ഇല്ലത്ത് മുസ്തഫ | ബുക്ക് സ്റ്റാൾ &സ്റ്റേഷനറി | " |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (50/21.7.2022)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കുകയും പ്രവൃത്തിക്കുന്നുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

2. നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ നഗരസഭയുടെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി& ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആവശ്യമായ ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-16 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഉറപ്പാക്കേണ്ടതാണ്.

1997 ലെ കേരളാ മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ,ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല.2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകൾപരിശോധിച്ചതിൽ നഗരസഭയിൽ രജിസ്ട്രേഷൻ നടത്തിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷത്തേക്ക് രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമനമ്പർ | വാർഡ്,കെട്ടിട നം, | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 9/207 | പി.കെ ഇബ്രാഹിം ഹാജി | ഡയാലിസിസ് സെന്റർ |
| 2 | 1/189,190,191 | പുഷ്പ.ടി.പി,പന്ന്യന്നൂർ | ലാബ് |
| 3 | 9/392 | ഡോ.റാസ മുഹമ്മദ് | ഫാത്തിമ ദന്തൽ ക്ലിനിക്ക് |
| 4 | 9/471 N | ജിൻസ.ഐ | ആയുർവേദ |

| | | | |
|---|---|---|---|
| | | | ക്ലിനിക്ക് |

മുനിസിപ്പൽ പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ലേലം വരവ് അപാകങ്ങൾ സംബന്ധിച്ച്

പാനൂർ നഗരസഭയിലെ വിവിധ ഇനത്തിലുള്ള പിരിവ് കുത്തക എടുക്കുന്നതിനുള്ള അവകാശം 21-02-2019 ൽ ലേലം ചെയ്യുകയും 22-02-2019ലെ 4 നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേല വിവരങ്ങൾ | ലേലം കുത്തക എടുത്ത വ്യക്തി | ലേലതുക | ഇടാക്കിയ തുക | രശീത് നമ്പർ / തീയതി | | അപാകത |
|---|---|---|---|---|---|---|---|
| 1 | പാനൂർ മത്സ്യമാർക്കറ്റ് | നൗഷാദ് പുനത്തിൽ | 279750 | 50000 | 120010115539/ 29-03-2021 | ലേലതുക | ഡെപ്പോസിറ്റ് തുക വാങ്ങിയിട്ടില്ല. കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി |
| | | | | 25000 | 121010100038/ 29-03-2021 | ലേലതുക | |
| | | | | 176325 | 121010101051/ 02-06-2021 | ലേലതുക | |
| | | | | 15864 | | സി.ജി.എസ് ടി | |
| | | | | 15864 SGST | | എസ് .ജി.എസ് ടി | |
| | | | | 1764 | | ആദായ നികുതി | |
| | | | | 21159 | | പിഴ | |
| | | | | 305976 | | | |
| 2 | കരിയാട് മത്സ്യ മാർക്കറ്റ് | നൗഫൽ | 5200 | 5200 | 120010114333/ 18-03-2021 | ലേലതുക | ഡെപ്പോസിറ്റ് തുക വാങ്ങിയിട്ടില്ല. കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി |
| | | | | 300 | | പിഴ | |
| 3 | പെരിങ്ങത്തൂർ മത്സ്യമാർക്കറ്റ് | അശോകൻ | 326000 | 110500 | 118010113898/ 21-12-2019 | | ഡെപ്പോസിറ്റ് തുക വാങ്ങിയിട്ടില്ല. കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി. |
| | | | | 65500 | 119010104262/ 19-07-2019 | | |
| | | | | 75000 | 120010115143/ 25-03-2021 | | |
| | | | | 90032 | 121010100914/ 10-05-2021 | | |
| | | | | 341032 | | | |
| 4 | ബസ് സ്റ്റാന്റ് പിരിവ് പാനൂർ ( പ്രളയം കാരണം 2 ദിവസത്തെ ഇളവ് 2114 രൂപ കൗൺസിൽ നൽകിയിട്ടുണ്ട്. (5/31-08-2019) | നിധീഷ് കെ പി | 386000 | 131300 | 10104784/ 05-08-2019 | | ഡെപ്പോസിറ്റ് തുക വാങ്ങിയിട്ടില്ല. കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി. മുഴുവൻ തുകയും ഒടുക്കിയിട്ടില്ല |
| | | | | 149480 | 10104997/ 14-08-2019 | | |
| | | | | 81795 | 120010114466/ 19-03-2021 | | |
| | | | | 362575 | | | |
| 5 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | മനോജ് കെ കെ | 43200 | 17001 | 118010114254/ 22-02-2019 | ലേലതുക | ഡെപ്പോസിറ്റ് തുക വാങ്ങിയിട്ടില്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| | കറണ്ട് ചാർജ് മെയിന്റനൻസ് ഉൾപ്പടെ (കൗൺസിൽ മിനുറ്റ്സിൽ 50976 ലേലഡയറിയിൽ 43200 ഡയറിയിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്.) | | | | | | കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി. മുഴുവൻ തുകയും ഒടുക്കിയിട്ടില്ല |
| | | | | 19780 | 120010114848 22-03-2021 | ലേല തുക | |
| | | | | 1780 | | സി.ജി.എസ് ടി | |
| | | | | 1780 | | എസ് .ജി.എസ് ടി | |
| | | | | 989 | | പിഴ | |
| | | | | 41330 | | | |
| 6 | പെരിങ്ങത്തൂർ പബ്ലിക്ക് ടോയ് ലറ്റ് | മഹബൂബ് | 42244 | | | | ഫയൽ ഹാജരാക്കിയിട്ടില്ല. |
| 7 | കശുവണ്ടി ലേലം അവിയാട് കുന്ന് പിരിവ് കുത്തകാവകാശം | കൃഷ്ണൻ | 700+ 18% GST | 826 | 120010114145/ 18-03-2021 | ലേല തുക | |
| | | | | 74 | | സി.ജി.എസ് ടി | |
| | | | | 74 | | എസ് .ജി.എസ് ടി | |
| | | | | 93 | | പിഴ | |
| 8 | ആയുർവേദ ആശുപത്രി തെങ്ങ് ആദായ ലേലം കുത്തകാവകാശം | ഉണ്ണികൃഷ്ണൻ | 350 + 18% GST 413 | 413 | 120010114143/ 18-03-2021 | | |
| 9 | എളിഞ്ഞികളങ്ങര ചിറയുടെ വശങ്ങളിലെ തേങ്ങ ലേലം | ഉണ്ണികൃഷ്ണൻ | 350 + 18% GST413 | 413 | 120010114144/ 18-03-2021 | ലേലതുക | |

ക്രമനമ്പർ 4 കൗൺസിലിന്റെ 29-03-2019 ലെ 3(19) നമ്പർ തീരുമാന പ്രകാരം 3,86000 (ജി.എസ് .ടി ഉൾപ്പടെ) രൂപയുടെ ഓഫർ അംഗീകരിച്ചു.

ലേലം സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ലേല നിബന്ധന 4 പ്രകാരം ലേലം കൗൺസിൽ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ 200 രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതും നഗരസഭ നിശ്ചയിച്ച് തരുന്ന സംഖ്യ 50000 രൂപയിൽ കൂടുതൽ വരുന്ന സംഗതിയിൽ ഉടമ്പടിയോടൊപ്പം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കി എഗ്രിമെന്റ് വക്കേണ്ടതുമാണ്. എന്നാൽ എഗ്രിമെന്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2- ലേല നിബന്ധന 3 പ്രകാരം ഏറ്റവും കൂടുതൽ തുകക്ക് ലേലം കൊണ്ടവർ ലേലതുകയുടെ 1/3 തുക അപ്പോൾ തന്നെ ഒടുക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3- ഡപ്പോസിറ്റ് ഒഴിച്ച് ബാക്കി തുക ഏപ്രിൽ മാസം 5 മുതൽ നവമ്പർ മാസം 5 വരെ തുല്യ തവണകാളായി അടക്കേണ്ടതും തവണകൾ മുടക്കം വന്നാൽ ടി സംഖ്യക്ക് പ്രതിമാസം 100 രൂപക്ക് 1 രൂപ പിഴ പലിശയോട് കൂടി ഒടുക്കേണ്ടതും അല്ലാത്ത പക്ഷം ലേലം റദ്ദുചെയ്യുന്നതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. കാലതാമസത്തിന് കുറഞ്ഞ പിഴയാണ് ഈടാക്കിയത്.

5-പെരിങ്ങത്തൂർ പബ്ലിക്ക് ടോയ്ലറ്റ് 42244 രൂപക്ക് ലേലം അംഗീകരിച്ചതായി കൗൺസിൽ മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയിട്ടില്ല. തുക ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

6 – ലേല നിബന്ധനയിൽ ജി എസ്.ടി ഉൾപ്പടെയാണോ ലേലതുക നിശ്ചയിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല. ക്രമ നമ്പർ 6,7,8, എന്നിവയിൽ ലേലം കൊണ്ട തുകയോടൊപ്പം അധികമായി ജി എസ് ടി ഈടാക്കിയിട്ടുണ്ട്. മറ്റുള്ളവയിൽ ജി.എസ്.ടി അധികമായി ഉൾപ്പെടുത്തിയിട്ടില്ല. ഒരേ ദിവസം നടന്ന ലേലത്തിൽ വ്യത്യസ്ത രീതിയിൽ ജി എസ് ടി കാണിച്ചതിന് കാരണം വ്യക്തമല്ല.

പാനൂർ നഗരസഭയിൽ ലേല വരവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയാണ്. പരാമർശം തയ്യാറാക്കിയത്. ലേല കുടിശ്ശികയും , കുറഞ്ഞ നിരക്കിൽ ഈടാക്കിയ പിഴ

പുനർനിർണയിച്ച് ലേല നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

## 1-18 എസ് ഇ ബി കെട്ടിടത്തിന്റെ വാടക വസ്തുനികുതിയിൽ ക്രമീകരിച്ചത് സംബന്ധിച്ച്

പാനൂർ നഗരസഭയിലെ പെരിങ്ങത്തൂരിൽ പ്രവർത്തിക്കുന്ന കെ എസ് ഇ ബി കെട്ടിടത്തിന്റെ പ്രതിമാസ വാടക 12,000 രൂപ വീതം രണ്ട് വർഷത്തേക്ക് അനുവദിക്കുന്നതിന് നഗരസഭ കൗൺസിൽ (26-06-2019 തീയതിയിലെ 17/2019 നമ്പർ) തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാനൂർ നഗരസഭ കൗൺസിലിന്റെ 01-08-2019 ലെ 05-2019 നമ്പർ തീരുമാന പ്രകാരം 03-03-2016 മുതൽ 2018 ഫെബ്രുവരി മാസം വരെയുള്ള രണ്ട് വർഷത്തെ കെട്ടിടവാടക കെട്ടിട ഉടമയായ ഹക്കിം എന്നവർ 2017-18, 2018-19,2019-20 വർഷങ്ങളിൽ ഒടുക്കേണ്ട വസ്തുനികുതിയിൽ അഡ്ജസ്റ്റ് ചെയ്യുകയും ബാക്കി തുകയായ 29450 രൂപ 2020-21 ൽ സാമ്പത്തിക വർഷത്തെ വസ്തുനികുതിയിനത്തിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1- നഗരസഭക്ക് കൈമാറികിട്ടാത്ത സ്ഥാപനത്തിന്റെ ഓഫീസ് വാടക നഗരസഭ ഒടുക്കുന്നതിന് തീരുമാനം എടുക്കുന്നതിനുള്ള കാരണം വ്യക്തമല്ല.

2- തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ഇ. ബി കെട്ടിട വാടകയായ 2,88,000 രൂപയിൽ (12000X24) വസ്തുനികുതിയിനത്തിൽ 2017-18, 2018-19, 2019-20 , 2020-21 വർഷങ്ങളിൽ എത്ര രൂപ ക്രമീകരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. കുടിശ്ശിക വരുത്തിയ കെട്ടിട ഉടമയുടെ പേരിലുള്ള കെട്ടിടങ്ങളുടെ 2016-17 മുതൽ 2019 -20 വരെയുള്ള കുടിശ്ശി വസ്തുനികുതി ഈടാക്കാതെ 2020- 21 വർഷത്തെ കെട്ടിട നികുതി ഈടാക്കിയിട്ടുണ്ട്. കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | 2016-17 മുതൽ 2019 -20<br>കുടിശ്ശിക തുക |
|---|---|---|
| 1 | 32/300 | 4409 |
| 2 | 32/301 | 60800 |
| 3 | 32/302 | 4200 |
| 4 | 32/303 | 4256 |
| 5 | 32/304 | 4416 |
| 6 | 32/305 | 69522 |
| 7 | 32/306 | 5906 |
| 8 | 32/307 | 80760 |
| 9 | 32/308 | 8160 |
| 10 | 32/309 | 2982 |
| 11 | 32/310 | 73420 |
| 12 | 32/311 | 79120 |
| ആകെ | | 397951 |

മുൻവർഷങ്ങളിലെ കുടിശ്ശിക ഈടാക്കാതെ 2020- 21 വർഷത്തെ വസ്തുനികുതി ഈടാക്കിയത് നഗരസഭ കൗൺസിലിന്റെ തീരുമാനം അനുസരിച്ചാണോയെന്ന് വ്യക്തമല്ല.

അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/22-07-2022) മറുപടി നൽകിയിട്ടില്ല. സർക്കാറിന്റെ അംഗീകരമില്ലാതെ വസ്തുനികുതി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമപ്രകാരമല്ല. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതവരുത്തേണ്ടതും അല്ലാത്തപക്ഷം 397951 രൂപയുടെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പി സി എ അനുവദിച്ചത് അധികം നൽകിയ 3247/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ജി.ഒ.(പി) 7/2016/ധന തീയതി 20-01-2016 പ്രകാരം പർമനെന്റ് കൺവേയൻസ് അലവൻസ് (പി.സി.എ) അനുവദിക്കാവുന്ന ജീവനക്കാരുടെ പട്ടികയിൽ ഉൾപ്പെടാത്ത ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ജീവനക്കാർക്ക് പ്രതിമാസം 100 രൂപ വീതം പി.സി.എ അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കാത്ത വിഭാഗം ജീവനക്കാർക്ക് പി.സി എ അനുവദിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്.

| ക്രമ | മാസം | ബിൽ | ശ്രീമതി | ശ്രീമതി | ശ്രീ. മന | ശ്രീ | ശ്രീമതി |
|---|---|---|---|---|---|---|---|

| നമ്പർ | | മാറിയ തീയതി | ഷജില വി പി(LWA 16-10-2019 TO26-10-2019) | ഗ്രീഷ്മ പി വി (15-11-2019 ന് വിടുതൽ ചെയ്തു) | രാമകൃഷ്ണൻ | ബിജീഷ് എൻ (ജോലിയിൽ പ്രവേശിച്ചത് 19-08-2019) | നിഷാ കുമാരി തങ്കപ്പൻ (ജോലിയിൽ പ്രവേശിച്ചത് 16.11.2019) |
|---|---|---|---|---|---|---|---|
| 1 | 03/2019 | 04-04-2019 | 100 | 100 | 100 | 0 | 0 |
| 2 | 04/2019 | 02-05-2019 | 100 | 100 | 100 | 0 | 0 |
| 3 | 05/2019 | 31-06-2019 | 100 | 100 | 100 | 0 | 0 |
| 4 | 06/2019 | 01-07-2019 | 100 | 100 | 100 | 0 | 0 |
| 5 | 07/2019 | 01-08-2019 | 100 | 100 | 100 | 0 | 0 |
| 6 | 08/2019 | 03-09-2019 | 100 | 100 | 100 | 42 | 0 |
| 7 | 09/2019 | 01-10-2019 | 100 | 100 | 100 | 100 | 0 |
| 8 | 10/2019 | 31-11-2019 | 85 | 100 | 100 | 100 | 0 |
| 9 | 11/2019 | 02-12-2019 | 100 | 50 | 100 | 100 | 50 |
| 10 | 12/2019 | 01-01-2020 | 100 | 0 | 100 | 100 | 100 |
| | ആകെ | | 985 | 850 | 1000 | 442 | 150 |

3247/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/17-07-2022) തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലും ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പി.സി.എ. അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കൂടി ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധി വേതനം അനുവദിച്ചതിലെ അപാകങ്ങൾ. 2685 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് KSR അനുബന്ധം എട്ടിൽ നിർദ്ദേശിച്ചവിധം പതിനഞ്ച് ദിവസത്തെ ആർജിത അവധി വേതനം മാത്രമാണ് അനുവദനീയം. എന്നാൽ സ്വേര.പി.കെ, ഓവർസീയർക്ക് 20 ദിവസത്തെ അവധി ശമ്പളം അനുവദിച്ചിട്ടുണ്ട്.

ചെക്ക് നമ്പർ തീയതി തുക – 8,73,414/15-04-2019 ₹11935

| അടിസ്ഥാന വേതനം | സറണ്ടർ ചെയ്ത ദിനങ്ങൾ | കൈപ്പറ്റിയ വേതനം | 15 ദിവസത്തെ വേതനം | അധികം കൈപ്പറ്റിയത് |
|---|---|---|---|---|
| 18,500 | 20 | 11935 | 9250 | 2685 |

2685 രൂപ അധികം നൽകിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/15-07-2022) തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2685 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-21 ദിവസ വേതനം അധികം നൽകി 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു

വൗച്ചർ നമ്പർ 21900048/24-12-2019

ദിവസവേതനാടിസ്ഥാനത്തിൽ മേക്കുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ജോലിചെയ്ത ശ്രീ. പ്രഭ.വി ഫാർമസിസ്റ്റിന് നവംബർ മാസം ജോലിചെയ്തതിന് പ്രതിദിനം 830 രൂപ നിരക്കിൽ 27 ദിവസം ജോലിചെയ്തതിന് 22410 രൂപ

അനുവദിച്ചിട്ടുണ്ട്. നവംബർ മാസം 31 ദിവസം കണക്കാക്കിയാണ് തുക അനുവദിച്ചത്. ഇത് കാരണം 1 ദിവസത്തെ വേതനം 830 രൂപ അധികമായി നൽകിയിട്ടുണ്ട്. അപാകങ്ങൾക്ക് കാരണം അറിയിക്കുന്നതിന് നൽകി ഓഡിറ്റ് അന്വേഷണത്തിന് (25/15-07-2022 ) മറുപടി നൽകിയിട്ടില്ല. 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-22 വിമുക്തി ഫണ്ട് വിനിയോഗിച്ചതിലെ അപാകങ്ങൾ 43554 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 21900032/23-12-2019 43554

വിമുക്തി ഫണ്ടിൽ നിന്ന് മേൽ വൗച്ചർ പ്രകാരം 43554 രൂപ ശ്രീ അശോകൻ ഇ പി ക്ലർക്കിന് നൽകിയിട്ടുണ്ട് . ഇതിൽ താഴെ പറയും പ്രകാരം 42054 രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഹാജരാക്കിയത്.

| ക്രമ നമ്പർ | ഇനം | സ്ഥാപനം | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 1 | ചായ | സെലക്ട് ടീ സ്റ്റാൾ | 21/17-10-2019 | 8754 |
| 2 | മൊമന്റോ | ഫോർച്യൂൺ ട്രോഫി | 7/26-01-2019 | 19800 |
| 3 | ഹാൾ വാടക | സുമംഗലി ഓഡിറ്റോറിയം | 143/17-10-2019 | 3500 |
| 4 | ജനറേറ്റർ , ഓഡിയോ, ഓപ്പറേറ്റർ | ഫ്രേയിം ടു ഫ്രേയിം | 41/17-10-2019 | 10,000 |
| | ആകെ | | | 42054 |

തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- 1500രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2- തുക ഏത് ആവശ്യത്തിനാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

3- പരിപാടിയിൽ ഏത്ര പേർ പങ്കെടുത്തതെന്ന് വ്യക്തമാക്കിയിട്ടില്ല.

4- പരിപാടിയിൽ മൊമന്റെ വാങ്ങിയതിന് നൽകിയ ബിൽ (7/26-01-2019) 2019 ജനുവരി മാസത്തിലേതാണ്. മറ്റുബില്ലുകൽ 10/2019 ലേതാണ്. 10/2019 ലെ പരിപാടിക്ക് 2019 ജനുവരി മാസത്തിൽ മൊമന്റോ വാങ്ങിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/15-07-2022 ) മറുപടി നൽകിയിട്ടില്ല.

അപാകങ്ങൾ കാരണം 43554 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിയും, വിശദമായ മറുപടി നൽകിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 മാലിന്യ നിർമ്മാർജനം ആദായ നികുതി ഈടാക്കിയിട്ടില്ല. 1950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭയിൽ ഹരിതകർമ്മ സേന ശേഖരിച്ച മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ശ്രീ പി എം മുഹമ്മദ് അർഷാദിന് തൻവർഷം ₹195000 (ചെക്ക് നമ്പർ 43408/18-07-2019 ₹165000, ചെക്ക് നമ്പർ 17176/01-01-2020 ₹30000) അനുവദിച്ചിട്ടുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8/11/2010 ലെ ജി ഒ(പി) 259/2010 പ്രകാരമുള്ള മാർഗരേഖ പ്രകാരം ₹100000 മുകളിലുള്ള സേവനങ്ങൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയാണ് സേവനദാതാവിനെ കണ്ടെത്തിയത്. മാലിന്യം എത്ര ഉണ്ടെന്നത് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പി എം മുഹമ്മദ് അർഷാദിന്റെ അപേക്ഷ പ്രകാരം ഒരു ലോഡിന് ₹15,000 പ്രകാരം 13 ലോഡിന് ₹195000 അനുവദിക്കുകയാണ് ചെയ്തത്. ലോഡിന്റെ അളവ്, എണ്ണം എന്നിവ സംബന്ധിച്ച് മേൽനോട്ടം നടത്തിയിട്ടില്ല.

2- ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കൂട്ടുകുടുംബം / വ്യക്തികൾ എന്നിവർക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്.ഇതു പ്രകാരം 30000/- രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്നതോ സേവനങ്ങൾക്ക് പ്രതിഫലം കൈപ്പറ്റുന്നതോ ആയ സന്ദർഭങ്ങളിൽ ഇൻവോയ്സ് /ബില്ലിൽ കാണിച്ചിരിക്കുന്ന തുകയിൻമേൽ ബാധകമായ നിരക്കിൽ ആദായനികുതി റിക്കവറി നടത്തി അടവാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. ഇത് കാരണം 195000 രൂപയുടെ 1% 1950 രൂപ കാരറുകാരന് അധികമായി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/15-07-2022) മറുപടി

നൽകിയിട്ടില്ല. 1950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കൽ ആദായനികുതി കുറഞ്ഞനിരക്കിൽ ഈടാക്കി 4999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| ഭരണാനുമതി നൽകിയ തുക | 499864 |
| സാങ്കേതികാനുമതി നൽകിയ തുക | 499864 |
| ആകെ പ്രവർത്തി മൂല്യം | 499864 |
| ചെക്ക് നമ്പർ തീയതി തുക 499864 | 30634/30-01-2020 ₹479868<br>30635/30-01-2020 ₹4999<br>30636/30-01-2020 ₹4999<br>30637/30-01-2020 ₹9998 |
| കരാറുകാരൻ | സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് |

എം പി ഫണ്ട് ഉപയോഗിച്ച് പാനൂർ നഗരസഭ പരിധിയിൽ വരുന്ന ബാലൻ പീടികയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന് 499864 ചെലവഴിച്ചിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കൂട്ടുകുടുംബം / വ്യക്തികൾ എന്നിവർക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്. എന്നാൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡിൽനിന്ന് 1% മാത്രമാണ് ആദായ നികുതി ഈടാക്കിയത്. ആകെ പ്രവൃത്തിമൂല്യത്തിന്റെ 499864 രൂപയുടെ 2% 9997 രൂപ ഈടാക്കുന്നതിന് പകരം 4999 മാത്രമാണ് ഈടാക്കിയത് . സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡിൽ നിന്ന് 4998 രൂപ ആദായനികുതി ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (48/21-07-2022) മറുപടി നൽകിയിട്ടില്ല. 4999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല.

18.04.2000 ലെ ജി.ഒ.(പി) നം. 819/2000/ഫിൻ ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തിയിട്ടില്ല.

| ക്രമ നമ്പർ | വാഹന നമ്പർ | ഇൻഷ്വർ ചെയ്ത സ്ഥാപനം | ചെക്ക് നമ്പർ തീയതി | തുക |
|---|---|---|---|---|
| 1 | KL 58 T 9226 (BOLERO) | നാഷനൽ ഇൻഷ്വറൻസ് കമ്പിനി | 28815/12-11-2019 | 16961 |
| 2 | KL 58 AD 5751<br>MARUTHI CIAZ | റോയൽ സുന്ദരം അലയൻസ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | 35545/26-10-2019 | 14406 |

സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-26 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കി ഒടുക്കാത്തത് സംബന്ധിച്ച്

ചെക്ക് നമ്പർ തീയതി 560252/22-05-2019 ₹291714

ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ കുടിശ്ശികയിൽ നിന്ന് പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക | അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി പ്രജിഷ കെ പി | ജെ.പി.എച്ച്.എൻ | 3840 |
| 2 | ശ്രീ. സുധീപ് പി വി | ക്ലർക്ക് | 11849 |
| 3 | ശ്രീമതി.ഷൈജ സി | ക്ലർക്ക് | 6447 |
| 4 | ശ്രീ മുഹമ്മദി ഫസൽ ടി സി | ക്ലർക്ക് | 9906 |
| 5 | ശ്രീമതി വിജില ആർ | ക്ലർക്ക് | 9862 |
| 6 | ശ്രീമതി ഷജില വി പി | ഓഫീസ് അറ്റന്റന്റ് | 9094 |
| 7 | ശ്രീമതി ഗ്രീഷ്മ പി വി | ഓഫീസ് അറ്റന്റന്റ് | 9530 |
| 8 | ശ്രീ മനരാധാകൃഷ്ണൻ | ഓഫീസ് അറ്റന്റന്റ് | 9530 |
| 9 | ശ്രീമതി ഉഷ പി സി | എൽ ഡി ടൈപ്പിസ്റ്റ് | 10610 |
| 10 | ശ്രീമതി ശ്രീലേഖ പി സി | ഓഫീസ് അറ്റന്റന്റ് | 1763 |
| 11 | ശ്രീമതി സുനിഷ ഇ കെ | ഓഫീസ് അറ്റന്റന്റ് | 1699 |
| 12 | ശ്രീമതി ശ്യാമ കുമാരി എസ് | സീനിയർ ക്ലർക്ക് | 7142 |
| 13 | ശ്രീമതി ജ്യോതിലക്ഷ്മി എസ് | സീനിയർ ക്ലർക്ക് | 7130 |
| 14 | ശ്രീമതി ലീന കെ | സീനിയർ ക്ലർക്ക് | 2494 |
| 15 | ശ്രീ സ്വരാജ് | ക്ലർക്ക് | 1961 |

ജീവക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ പങ്കാളിത്ത പെൻഷൻ വിഹിതം സ്ഥാപന വിഹിതം എന്നിവ ഈടാക്കി ഒടുക്കാത്തതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/15-07-2022) മറുപടി നൽകിയിട്ടില്ല. കുടിശ്ശിക തുകയുടെ 10% പങ്കാളിത്ത പെൻഷൻ തുക ഈടാക്കേണ്ടതും, ആയത് സ്ഥാപന വിഹിതവും കൂടി ഉൾപ്പെടുത്തി പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-27 കുടിവെള്ള വിതരണം അപാകങ്ങൾ 14161 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെക്ക് നമ്പർ തീയതി തുക 43422/ 02-08- 2019 ₹3,00,000

ചെക്ക് നമ്പർ തീയതി തുക 28829/29-11-2019 ₹2,00,000

ചെക്ക് നമ്പർ തീയതി തുക 17338/14-01-2020 ₹1,78,477

നഗരസഭയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ 03-05-2019 മുതൽ 21-06-2019 വരെ കുടിവെള്ളം വിതരണം ചെയ്ത അനിത സി പി അണിയാരം എന്നവർക്ക് 6,78,477-രൂപ അനുവദിക്കുകയുണ്ടായി. കിലോമീറ്ററിന് 49.50 /-രൂപ നിരക്കിലാണ് കുടിവെള്ള വിതരണത്തിനാണ് കരാർ നൽകിയത്. വാഹനം വഴിയുള്ള കുടിവെള്ള വിതരണത്തിന് ജില്ലാ കലക്ടേറ്റിൽ സജ്ജമാക്കിയ ജി പി എസ് ട്രാക്കിംഗ് സംവിധാനമാണ് ഉപയോഗിച്ചത്. കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പുറപ്പെടുന്ന സ്ഥലം, സമയം, സഞ്ചരിച്ച ദൂരം, കുടിവെള്ളം വിതരണം ചെയ്ത സ്ഥലം, കിലോമീറ്റർ, സമയം, വെള്ളത്തിന്റെ അളവ് (വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും ഓരോ വാഹനത്തിനും അനുവദിച്ച കുടിവെള്ളത്തിന്റെ അളവ്) തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ രേഖപ്പെടുത്തേണ്ടതും ആയത് വാർഡ് കൗൺസിലർ, വില്ലേജ് ഓഫീസർ, മുനിസിപ്പൽ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമാണ് വാഹന വാടക അനുവദിക്കേണ്ടതും.

നഗരസഭയിൽ മൂന്ന് വാഹനങ്ങളിലായാണ് കുടിവെള്ള വിതരണം ചെയ്തത്. വിതരണം ചെയ്തതിന്റെയും തുക അനുവദിച്ചതിന്റെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹന നമ്പർ | വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് ( ജി പി എസ് പ്രകാരം) |
|---|---|
| KL 58 E 7969 | 4503 |
| KL 58 F 3834 | 4260 |
| KL 16 G 4254 | 4546 |
| ആകെ | 13309 |

| | |
|---|---|
| 03-05-2019, 04-05-2019 ജി പി എസ് ഇല്ലാതെ | 397 |
| ആകെ | 13,706 |
| അനുവദിച്ച തുക 13,706X49.50 | 6,78,447 |

കുടിവെള്ള വിതരണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1- അസിസ്റ്റന്റ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി വാട്ടർ സപ്ലൈ സെക്ഷൻ സാക്ഷ്യപ്പെടുത്തിയ കുടിവെള്ള വിതരണ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത ദിനങ്ങളിൽ ജി പി എസ് ലോഗ് ബുക്ക് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വാഹന നമ്പർ | തീയതി | ജി പി എസ് ലോഗ് ബുക്ക് പ്രകാരം ഓടിയ കിലോമീറ്റർ |
|---|---|---|
| KL 16 G 4254 | 24-05-2019 | 84 |
| KL 58 E 7969 | 11-06-2019 | 16 |
| KL 58 E 7969 | 12-06-2019 | 10 |
| KL 58 E 7969 | 19-06-2019 | 20 |
| KL 58 E 7969 | 21-06-2019 | 15 |
| | | 145 |

വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളിൽനിന്നും കുടിവെള്ളം അനുവദിക്കാത്ത തീയതികളിലും ജി പി എസ് ലോഗ് ബുക്കിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ഇത് കാരണം വാട്ടർ അതോറിറ്റി നൽകിയ കുടിവെള്ള വിതരണ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത 145x49.50=7376 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

2- കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്,പുറപ്പെടുന്ന സ്ഥലം, സമയം, സഞ്ചരിച്ച ദൂരം, കുടിവെള്ളം വിതരണം ചെയ്ത സ്ഥലം, കിലോമീറ്റർ, സമയം, വെള്ളത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ രേഖപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം ലഭിക്കുന്ന ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് അതാത് ദിവസം തന്നെ തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിയും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്താതെയുള്ള ട്രിപ്പ് ഷീറ്റ് പ്രകാരമാണ് കരാറുകാരന് തുക അനുവദിച്ചത്.

3- വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

4- ആദായനികുതി കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു.അധികം നൽകിയ രൂപ ഈടാക്കേണ്ടതാണ്.

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കൂട്ടുകുടുംബം / വ്യക്തികൾ എന്നിവർക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്.ഇതു പ്രകാരം 30000/- രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്നതോ സേവനങ്ങൾക്ക് പ്രതിഫലം കൈപ്പറ്റുന്നതോ ആയ സന്ദർഭങ്ങളിൽ ഇൻവോയ്സ് /ബില്ലിൽ കാണിച്ചിരിക്കുന്ന തുകയിൻമേൽ ബാധകമായ നിരക്കിൽ ആദായനികുതി റിക്കവറി നടത്തി അടവാക്കേണ്ടതാണ്. വാഹനവാടകയിനത്തിൽ അനിത സി പി അണിയാരം എന്നവർക്ക് 6,78,477/-രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ടി വ്യക്തിയിൽ നിന്നും 1% നിരക്കിൽ ആദായനികുതി റിക്കവറി നടത്തിയിട്ടില്ലാത്തതിനാൽ 6785/- രൂപ അധികം നൽകിയിട്ടുണ്ട്. ആദായ നികുതി ഈടാക്കാത്തത് കാരണം കരാറുകാരിക്ക് അധികം നൽകിയ 6785/- രൂപ ഈടാക്കി അദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

5- 6,78,477/-രൂപയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/13-07-2022) മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ കാരണം 14161 (7376+6785) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 തനത് ഫണ്ട് വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

നഗരസഭയിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിക്കുന്നതിന് ഉതകുന്നവിധത്തിൽ രേഖകളോ രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1- കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 15 (3) പ്രകാരം സ്ഥാപനത്തെ ബാധിക്കുന്ന എല്ലാ ചെലവുകളും ചെയർ പേഴ്സൺ അധികൃതമാക്കേണ്ടതാണ്. ഈ നിബന്ധന പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

2 "സാംഖ്യ" സോഫ്റ്റ് വെയറിൽ നിന്ന് ജനറേറ്റ് ചെയ്ത വൗച്ചർനമ്പർ സഹിതമുള്ള പേമെന്റ് ഓർഡർ വൗച്ചറുകളാടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

3- വൗച്ചറുകൾ നമ്പർ ക്രമത്തിൽ അടുക്കി സൂക്ഷിച്ചിട്ടില്ല.

4- വൗച്ചറുകളിൽ ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

5- കാഷ് ബുക്കിൽ ഫയൽ നമ്പർ എഴുതിയിട്ടില്ല.

6- വൗച്ചറുകൾ നനഞ്ഞ് പരിശോധനക്ക് സാധിക്കാത്തവിധത്തിലാണ് ഹാജരാക്കിയത്.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും സമാന അപാകങ്ങൾ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ യാതൊരു നടപടിയും നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര ഇടപെടലിന് ഭരണ വകുപ്പിന്റെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 വീട് വാസയോഗ്യമാക്കൽ (എസ്.സി)- രേഖകൾ ഹാജരാക്കിയിട്ടില്ല-₹1382381യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 33/2020,വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ | ₹2384000 വികസന ഫണ്ട്,എസ്.സി.പി<br>₹16000 തനത് ഫണ്ട്<br>₹2400000 |
| ചെലവ് | ₹1372320 വികസന ഫണ്ട്,എസ്.സി.പി<br>₹10061 തനത് ഫണ്ട്<br>₹1382381 |

എസ്.സി ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ എന്ന പ്രവൃത്തിക്ക് താഴെ പറയും പ്രകാരം തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പിൻവലിച്ച തുക/ബിൽനമ്പർ /തീയതി | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക |
|---|---|---|---|
| 1 | ₹150000<br>19220747003001177275/30-01-2020 | ശോഭന.കെ | ₹150000 |
| 2 | ₹450000<br>19220747003001201983/04-02-2020 | ശാന്ത.എം.കെ<br>പ്രേമജ.ടി.കെ<br>നാരായണി.എ.പി | ₹150000<br>₹150000<br>₹150000 |
| 3 | ₹300000<br>19220747003001201985/04-02-2020 | കമലാക്ഷി<br>ഉമ.കെ | ₹150000<br>₹150000 |
| 4 | ₹360820<br>19220747003001261224/13-02-2020 | സജീവൻ.കെ.പി<br>ചാത്തു കിളച്ചപറമ്പത്ത്<br>അമ്മിണി കല്ലുങ്കുന്നമ്മൽ | ₹105200<br>₹110520<br>₹145100 |
| 5 | ₹111500<br>19220747003001271796/14-02-2020 | സരോജിനി.കെ.കെ | ₹111500 |

| | | | |
|---|---|---|---|
| 6 | ₹10061<br>ചെക്ക് നമ്പർ/തീയതി<br>5577176/24-12-2020 | പുഷ്പ.കെ.കെ | ₹10061 |
| | | ആകെ | ₹1382381 |

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്
2. ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
3. മോണിറ്ററിംഗ് റിപ്പോർട്ട്

മുകളിൽ പറഞ്ഞ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/14-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.രേഖകളുടെ അഭാവത്തിൽ ₹1382381 തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-30 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 1/21 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് |
| ചെലവ് | ₹ 100000 |
| ബിൽ നമ്പർ/തീയതി | 19220747003000359779/19-07-2019 |

മേൽ പ്രൊജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹100000 നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/12-07-2022) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-31 നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി- രേഖകൾ ഹാജരാക്കിയിട്ടില്ല- ₹77290യുടെ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 18/2020,നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി |
| അടങ്കൽ | ₹84960 വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹77290<br>19220747003000351239/17-07-2019 |

നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി വെക്കുന്നതിനായി കെൽട്രോണിന് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1.പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി കെൽട്രോണുമായി ഏർപ്പെട്ട കരാർ

2.പഞ്ചായത്തിലെ Hardware Repair And Maintanance രജിസ്റ്റർ&കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ
3. പ്രൊജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട്
മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/12-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹77290യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പാനൂർ നഗര സഭാ സെക്രട്ടറിക്ക് ലാപ് ടോപ് വാങ്ങൽ- രേഖകൾ ഹാജരാക്കിയിട്ടില്ല ₹38902യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 19/2020,പാനൂർ നഗരസഭാ സെക്രട്ടറിക്ക് ലാപ് ടോപ് വാങ്ങൽ |
| അടങ്കൽ | ₹40000 വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹38902 19220747003000320815/09-07-2019 |

പ്രഫോർമ ഇൻവോയ്സ് 7762/19-20/08-07-2019 പ്രകാരം ഐ.ടി മിഷന് മുൻകൂർ നൽകുന്നതിനാണ് തുക ചെലവഴിച്ചത്. എന്നാൽ ലാപ് ടോപ് ലഭിച്ചതിന്റെ ഒറിജിനൽ കേഷ് ബില്ല് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഒറിജിനൽ കേഷ് ബില്ല് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/12-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹38902യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തുക ₹755000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ/പേര് | അടങ്കൽ | ഫണ്ടിനം | ചെലവ് | ബിൽ നമ്പർ/തീയതി (ഏ.സി.ആർ പ്രകാരം) |
|---|---|---|---|---|---|
| 1 | 187/20തെരുവ് വിളക്ക് റിപ്പയർ(സ്പിൽ ഓവർ) | ₹205000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹205000 | 200000 (04/05-04-2019) |
| | | | | | 5000 (49/18-07-2019) |
| 2 | 173/20 വീട് | ₹381975 | വികസന ഫണ്ട്,എസ്.സി.പി | ₹150000 | 5/05-04-2019 |

| | | | | | |
|---|---|---|---|---|---|
| | വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) | | | | |
| 3 | 171/20 തൊഴിൽ സംരംഭം ഗ്രൂപ്പുകൾക്ക്(സ്പിൽ ഓവർ) | ₹800000 | വികസന ഫണ്ട്,ജനറൽ | ₹400000 | 02/05-04-2019 |
| | | | ആകെ | ₹755000 | |

മുകളിൽ കൊടുത്ത ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/14-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹ 755000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല ₹9817യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 2/2020,പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും |
| അടങ്കൽ | ₹100000 വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹70820<br>44/09-07-2019<br>₹8550<br>155/30-12-2019<br>₹9817<br>270/17-03-2020 |

പ്രിന്റോ ഓഫ് സെറ്റ് പ്രസിന്റെ 29/14-02-2019 പ്രകാരം ₹70820 ഉം 122/02-08-2019 പ്രകാരം ₹8550 ഉം ചെലവഴിച്ചതിന്റെ കേഷ് ബില്ല് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ₹9817 യുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/12-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹9817യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-35 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മാർഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ ₹65000യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 28/2020, എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹500000<br>(വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് | ₹325000<br>19220747003001261340/ 13-02-2020 |
| | ₹50000<br>19220747003001391611/ 03-03-2020 |
| | ₹50000<br>19220747003001391602/ 03-03-2020 |
| | ₹50000<br>19220747003001391605/ 03-03-2020 |
| | ₹25000<br>19220747003001460817/ 11-03-2020 |

എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടിയാണ് മേൽതുക ചെലവഴിച്ചത്. സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 നമ്പർ ഉത്തരവ് ഖ.7.2.5 പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനുള്ള അനുവദനീയ നിരക്കിനേക്കാൾ കൂടുതലായി തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | കോഴ്സിന്റെ പേര് | അനുവദനീയ നിരക്ക് | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | വിസ്മയ രാമകൃഷ്ണൻ<br>D/O രാമകൃഷ്ണൻ.കെ | ബി.എ.ഹിസ്റ്ററി | 20000 | 25000 | 5000 |
| 2 | അശ്വതി.കെ<br>D/O ശശികുമാർ.കെ | ബി.എസ്.സി സുവോളജി | 20000 | 25000 | 5000 |
| 3 | അതുൽകൃഷ്ണ.എം.ആർ<br>S/O മുരളീധരൻ | എൻ.ടി.ടി.എഫ് ഡിപ്ലോമ | 20000 | 25000 | 5000 |
| 4 | നയന.എം<br>D/Oമോഹൻദാസ്.എം.പി | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & ബിസിനസ് മാനേജ്മെന്റ് ഡിപ്ലോമ | 20000 | 25000 | 5000 |
| 5 | അക്ഷയ്.കെ<br>S/Oകരുണൻ.കെ | ബി.എസ്.സി കെമിസ്ട്രി | 20000 | 25000 | 5000 |
| 6 | രാഹുൽ രാജ്.സി.കെ<br>S/Oധർമ്മരാജ്.സി.കെ | ബി.കോം | 20000 | 25000 | 5000 |
| 7 | രാഗിൻ രാജ്.സി.കെ<br>S/Oധർമ്മരാജ്.സി.കെ | ബി.എ.ഇംഗ്ലീഷ് | 20000 | 25000 | 5000 |

| | | | | | |
|---|---|---|---|---|---|
| 8 | റിച്ചിൻ ബാബു<br>S/O ബാബു.പി | ബി.എസ്.സി | 20000 | 25000 | 5000 |
| 9 | ഗൌതം.എൻ.എ<br>S/O അരവിന്ദൻ.എം.ടി | ബി.എസ്.സി | 20000 | 25000 | 5000 |
| 10 | അശ്വിൻ.കെ<br>S/Oഷാജി.കെ | സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമ | 20000 | 25000 | 5000 |
| 11 | ആദർശ് .എ.പി<br>S/Oപുരുഷു.എ.പി | ബി.കോം | 20000 | 25000 | 5000 |
| 12 | ശ്രീലക്ഷ്മി.എൻ.കെ<br>D/Oകുമാരൻ.എൻ.കെ | ബി.എ.ഫങ്ഷണൽ ഇംഗ്ലീഷ് | 20000 | 25000 | 5000 |
| 13 | ശ്രീനിത.എൻ.കെ<br>D/Oശ്രീധരൻ | ബി.എസ്.സി ഒപ്റ്റോമെട്രി | 20000 | 25000 | 5000 |
| | | | | ആകെ | ₹65000 |

മേൽ കൊടുത്ത പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം നൽകിയതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/11-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹65000 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കൂടാതെ പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2. കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതിനാൽ വിദ്യാർത്ഥികളുടെയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളുടെ കോഴ്സ്, വർഷം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. അശ്വതി.കെ D/O ശശികുമാർ.കെ എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊന്നിച്ച് ഹാജരാക്കിയ അക്കൗണ്ട് നമ്പർ 67268363905 ആണ്. എന്നാൽ ബില്ല് പ്രകാരം തുക ക്രെഡിറ്റ് ചെയ്തിരിക്കുന്നത് 67213485747 എന്ന അക്കൗണ്ടിലാണ്. പ്രസ്തുത അക്കൗണ്ട് രാഗിൻ രാജ് S/O ധർമ്മരാജ്.സി.കെ എന്ന വിദ്യാർത്ഥിയുടെ അപേക്ഷ പ്രകാരമുള്ളതാണ്. ആയതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/11-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ തുക നൽകിയതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-അർഹതപ്പെട്ട തുക അനുവദിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 25/20 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1800000<br>(വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹594000<br>19220747002801033771/<br>03-01-2020 |

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2019-20 വർഷം ₹594000 ചെലവഴിച്ചിട്ടുണ്ട്.മാനസികവെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് ₹9000 വീതമാണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. 2020-21 വർഷത്തെ 217/21 നമ്പർ (സ്പിൽ ഓവർ) പ്രൊജക്ട് പ്രകാരമുള്ള ₹1177700 ചെലവ് ഉൾപ്പെടെ ₹19500 മാത്രമേ സ്കോളർഷിപ്പ് നൽകിയിട്ടുള്ളു.സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹28500 സ്കോളർഷിപ്പ് തുക

അനുവദിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/14-07-2022) ലിസ്റ്റിലെ ഓരോ കുട്ടിക്കും ₹28500 വച്ച് വകയിരുത്താൻ നഗരസഭയെ അറിയിച്ചെങ്കിലും തുകയുടെ അപര്യപ്തത മൂലം മുഴുവൻ തുക പ്രൊജക്ടിൽ വയ്ക്കാൻ സാധിച്ചില്ല എന്ന് അറിയിച്ചിട്ടുണ്ട്. അർഹതപ്പെട്ട ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 എസ്.സി പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല-₹296000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 175/2020,<br>എസ്.സി പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം<br>(സ്പിൽ ഓവർ) |
| അടങ്കൽ | ₹300000<br>വികസന ഫണ്ട്,എസ്.സി.പി |
| ചെലവ് | ₹296000<br>1922074700300041110/05-04-2020 |

പ്രൊജക്ട് നടത്തിപ്പിനായി കെൽട്രോണിനാണ് തുക നൽകിയത്. എന്നാൽ കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് ഫയലിലില്ല. ലാപ്ടോപിന് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ്, ലാപ്ടോപ് ലഭിച്ചതിന്റെ ഒറിജിനൽ ക്യാഷ് ബിൽ, ലാപ്ടോപ് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഒറിജിനൽ ക്യാഷ് ബിൽ , സ്റ്റോക്ക് രജിസ്റ്റർ ,വിതരണ രജിസ്റ്റർ , ലാപ്ടോപിന് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.52/21-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹296000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-38 ഭവന നവീകരണം-ചെലവ് രേഖകളുടെ അഭാവത്തിൽ 1,49,506 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ/തീയതി | 36/20 ഭവന നവീകരണം |
| അടങ്കൽ | 2500000<br>തനത് ഫണ്ട് |
| ചെലവ്<br>(ചെലവ് പത്രിക പ്രകാരം) | 1441956 |
| ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് | 1292450 |

നഗരസഭയിലെ 50 ഗുണഭോക്താക്കൾക്ക് ഭവന നവീകരണത്തിനായി ധനസഹായം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാലുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | അനുവദിച്ച തുക |
|---|---|---|

| നമ്പർ | പേര് | ചെക്ക് നമ്പർ,തീയതി |
|---|---|---|
| 1 | മാധവി.കെ.പി | 50000<br>3074080,2.3.20 |
| 2 | ബാപുരാജ് | 50000<br>3074074,2.3.20 |
| 3 | ലക്ഷ്മി.എ | 50000<br>3074072,2.3.20 |
| 4 | പ്രഭാകരൻ | 50000<br>3074076,2.3.20 |
| 5 | മാമി | 50000<br>3074061,27.1.20 |
| 6 | അയിഷ.പി | 50000<br>3074078,2.3.20 |
| 7 | രാജൻ.കെ | 50000<br>3074077,2.3.20 |
| 8 | ശാരദ | 50000<br>028822,22.11.19 |
| 9 | സുധാദേവി | 50000<br>5577007,19.3.20 |
| 10 | ദേവൂട്ടി | 50000<br>3074083,2.3.20 |
| 11 | നാണു.പി.വി | 50000<br>5577002,19.3.20 |
| 12 | ഗോപാലകൃഷ്ണൻ | 50000<br>3074073,2.3.20 |
| 13 | കുഞ്ഞാമി | 50000<br>3074055,16.1.20 |
| 14 | കുഞ്ഞാമി.കെ | 50000<br>3074055,16.1.20 |
| 15 | ദേവി.പി.പി | 50000<br>5577001,19.3.20 |
| 16 | സതി.കെ.പി | 50000<br>3074075,2.3.20 |
| 17 | ജാനു.കെ | 50000<br>3074055,16.1.20 |
| 18 | ചീരുട്ടി | 50000<br>3074070,26.2.20 |
| 19 | കദീശ.ടി | 50000<br>3074079,2.9.20 |
| 20 | ഗോപി.ടി.ടി | 50000<br>5577004,19.3.20 |

| | | |
|---|---|---|
| 21 | ജാനു.സി.കെ | 50000<br>3074055,16.1.20 |
| 22 | ലക്ഷ്മികുട്ടി. വി | 50000<br>3074071,26.2.20 |
| 23 | ചന്ദ്രമതി | 50000<br>5577006,19.3.20 |
| 24 | ബീവി.എസ് | 50000<br>5577003,19.3.20 |
| 25 | കുഞ്ഞിരാമൻ.കെ.പി | 42450<br>3074082,2.3.20 |
| 26 | സതീഷ്.കെ | 50,000<br>5577005,19.3.20 |
| | ആകെ | 1292450 |

ചെലവ് പത്രിക പ്രകാരം 14,41,956 രൂപയാണ് ആകെ ചെലവ്. എന്നാൽ 12,92,450 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. 1,49,506 രൂപയുടെ വ്യത്യാസം വ്യക്തമാക്കുവാനും ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/19.7.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 1,49,506 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 1,49,506 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 PMAY/ ലൈഫ് ഭവന പദ്ധതി- അർഹതപ്പെട്ടതിലും അധികം തുക അനുവദിച്ചതും ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതും.

1) 2019-20 ൽ താഴെ പറയുന്ന പ്രോജക്റ്റ് പ്രകാരം 49 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ, |
| പ്രോജക്റ്റ് നമ്പർ, പേര് | 15/20 PMAY/ ലൈഫ് ഭവന പദ്ധതി(ന്യൂ) |
| അടങ്കൽ | 5261800 (വികസന ഫണ്ട്) |
| ചെലവ്(ചെലവ് പത്രിക പ്രകാരം) | 5250000 |
| ബിൽ നമ്പർ, തീയതി | 1) 19220747004800734238,25.10.19 ₹475000<br>2) 19220747004800734244,25.10.19₹ 460000<br>3)19220747004800757663,29.10.19₹945000<br>4) 19220747004800828141,15.11.19₹985000<br>5) 19220747004800828150,15.11.19₹750000<br>6) 19220747004800836305,18.11.19₹500000<br>7) 19220747004801047299,6.1.20 ₹570000<br>8) 19220747004800828151,15.11.19₹450000 |

| | |
|---|---|
| | 9) 19220747004801426533, 7.3.20 ₹115000 |

പ്രോജക്ട് പ്രകാരം അവസാന ഗഡു കൈപ്പറ്റിയ പി.എം.എ.വൈ ഗുണഭോക്തൃ പട്ടിയിൽ ഉൾപ്പെട്ട ചുവടെ കൊടുത്ത ഗുണഭോക്താക്കൾക്ക് ₹400000ൽ അധികം തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ പേര്/ | 1-ാം ഗഡു | 2-ാം ഗഡു | 3-ാം ഗഡു | 4-ാം ഗഡു | 5-ാം ഗഡു | 5 ഗഡുക്കളിലായി ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| മുസ്തഫ.പി | 30000/19.1.18 | 120000/25.3.18 | 100000/3.5.18 | 25000/24.10.19 | 150000/15.11.19 | 425000 |
| സാറാ | 30000/19.1.18 | 120000/23.3.18 | 100000/3.5.18 | 25000/24.10.19 | 150000/15.11.19 | 425000 |
| ശാരദ കെ .പി | 30000/2.8.17 | 120000/7.12.17 | 120000/4.1.18 | 25000/29.10.19 | 150000/2.12.19 | 445000 |
| രജനി.ടി.പി | 30000/20.12.17 | 120000/28.2.18 | 100000/14.9.18 | 25000/7.1.20 | 150000/20.1.20 | 425000 |
| ശാന്ത.കെ.കെ | 30000/28.2.18 | 120000/10.4.18 | 100000/7.12.18 | 25000/18.11.19 | 150000/9.12.19 | 425000 |
| ജാനു.കെ.കെ | 30000/2.8.17 | 120000/1.11.17 | 120000/15.3.18 | 25000/26.3.19 | 150000/17.4.19 | 445000 |

അർഹതപ്പെട്ടതിലും അധികം ധനസഹായം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/19.7.22) പി എം.എ വൈ മാനദണ്ഡ പ്രകാരം 1.4.2017ന് മുമ്പ് ധനസഹായം 300000 ലക്ഷം രൂപയാണെന്നും ആയതിൽ 50000 രൂപ ഗുണഭോക്തൃ വിഹിതവും 250000 രൂപ കേന്ദ്ര സംസ്ഥാന വിഹിതവുമായിരുന്നു. പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതായും 1.4.2017 ന് ശേഷം പദ്ധതി തുക 400000 രൂപയായി ഉയർത്തുകയും ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയതായും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും അധികം കൈപ്പറ്റിയ തുക തിരികെ അനുവദിക്കേണ്ടതുണ്ടെന്നും ആയത് സർക്കാർ നിർദ്ദേശ പ്രകാരം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾ എല്ലാവരും തന്നെ 01.04.17 ശേഷമാണ് ഒന്നാം ഗഡു കൈപ്പറ്റിയിരിക്കുന്നത്. നഗരസഭയിൽ ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മറുപടിയുടെ ആധികാരികത പരിശോധിക്കുന്നതിനാധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങളും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

2) PMAY/ ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം നാളിതുവരെയായി പൂർത്തിയാക്കിയിട്ടില്ല.

നഗരസഭയിലെ ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി തുടങ്ങിയ പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഒന്നും രണ്ടും ഗഡുക്കൾ മാത്രം കൈപ്പറ്റി നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക/തീയതി | അവസാന ഗഡു അനുവദിച്ച തുക/തീയതി | ആകെ കൈപ്പറ്റിയത് |
|---|---|---|---|---|
| 1 | ദാസൻ.പി | 25000/28.9.18 | - | 25000 |
| 2 | നബീസു | 30000/28.2.18 | - | 30000 |
| 3 | പുരുഷു | 30000/12.10.17 | 120000/23.11.17 | 1,50,000 |
| 4 | നാണി.പി | 30000/10.4.18 | 100000/20.7.18 | 1,30,000 |
| 5 | ഷിജു.കെ | 25000/7.12.18 | - | 25,000 |
| 6 | പ്രജേഷ്.കെ.കെ | 25000/14.5.18<br>100000/28.6.18 | 100000/18.3.19 | 1,25,000 |
| 7 | അശോകൻ.ടി.പി | 25000/8.2.19 | - | 25,000 |
| 8. | പുരുഷു.കെ.ടി.കെ | 25000/30.5.18 | - | 25,000 |
| 9 | വനജ അശോകൻ | 25000/17.12.18 | 100000/26.3.19 | 1,25,000 |
| 10 | വിനോദ്.ജി.പി | 30000/3.4.18 | 100000/18.3.19 | 1,30,000 |

| | | | |
|---|---|---|---|
| | | 100000/25.7.18 | |

2017-18, 2018-19ൽ ധനസഹായം കൈപ്പറ്റിയ മേല്പറഞ്ഞ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുവാനും നിലവിലെ അവസ്ഥ, രേഖകൾ സഹിതം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ 18.7.22ലെ 41-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിക്ക് പകരം 20.6.22ലെ നഗരസഭയുടെ പി എം എ വൈ ഭവനനിർമ്മാണ സ്ഥിതിവിവര പട്ടികയാണ് ലഭ്യമാക്കിയത്. പട്ടിക പ്രകാരം ഡിപിആർ-1,2,4 പ്രകാരം ഓരോ ഗുണഭോക്താക്കൾ കരാർ വെക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കിയിട്ടില്ല. മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-40 ലൈഫ് പദ്ധതി -പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് ധനസഹായം നൽകൽ - രേഖകൾ/മറുപടിയുടെ അഭാവത്തിൽ 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ, പേര് | 178/20 ലൈഫ് പദ്ധതി -പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് ധനസഹായം നൽകൽ (സ്പിൽ ഓവർ) |
| അടങ്കൽ | 17833 (വികസന ഫണ്ട്)<br>586000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 480000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നമ്പർ, തീയതി | 1) 19220747004800043381,5.4.19₹420000<br>2) 19220747004800828157,15.11.19 ₹60000 |

മുൻവർഷങ്ങളിൽ ഭവന നിർമ്മാണ ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് 2019-20 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക 2019-20 |
|---|---|---|
| 1 | ഉഷ .വി.പി | 20000 |
| 2 | പ്രീത.എൻ | 20000 |
| 3 | ശാഹിദ.വി.കെ | 20000 |
| 4 | കെ.നസീമ | 30000 |
| 5 | ഷരീഫ.കെ | 10000 |
| 6 | അജിത.പി | 60000 |
| 7 | കല്ലു കളരിക്കണ്ടി | 20000 |
| 8 | ഷില.എൻ.കെ | 20000 |
| 9 | കുമാരൻ.പി.കെ | 40000 |
| 10 | ചന്ദ്രൻ.ടി.കെ | 20000 |

| | | |
|---|---|---|
| 11 | ചിത്രശേഖരൻ.എം.എസ് | 40000 |
| 12 | സജിത | 20000 |
| 13 | രവീന്ദ്രൻ | 60000 |
| 14 | അൻവർ.വി | 40000 |
| 15 | ദേവ്യ | 60000 |
| | ആകെ | 480000 |

മേൽ പറഞ്ഞ 14 ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ ഉത്തരവിൽ (സ.ഉ(എം.എസ്)നം.196/2017, തീയതി-11.10.17) നിർദ്ദേശിച്ച പ്രകാരം അർഹതപ്പെട്ട മുഴുവൻ തുകയും അനുവദിച്ചതായി കാണുന്നു. ഫയൽ കുറിപ്പിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ നഗരസഭയിൽ നിന്നും കൈപ്പറ്റി രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി പ്രകാരം തുക കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ 14 അൻവർ.വി. യുടെ ഫയൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/20.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി തുക കൈപ്പറ്റിയ ഗുണഭോക്താവായ അൻവർ.വി. യുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഭവന നിർമ്മാണത്തിന് നൽകിയ 40,000/- രൂപ (ബിൽ നമ്പർ/തീയതി 19220747004800043381, 5.4.19/₹420000) തടസ്സപ്പെടുത്തുന്നു. രേഖകൾ/മറുപടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതി -ചെലവ് രേഖകളും , ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല ₹4,29,583യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 സാമ്പത്തിക വർഷം ഹെൽത്ത് ഇൻസ്പെക്ടർ നടപ്പിലാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 176/20 | അഗതിരഹിത കേരളം പദ്ധതി വീട് വാസയോഗ്യമാക്കൽ (ആശ്രയ) സ്പിൽ ഓവർ | 500000 (വികസന ഫണ്ട്,ജനറൽ) | 429583 (12/05-04-2019) |

രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ (36/17-07-2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹4,29,583 തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഗുണഭോക്താക്കളുടെ വിശദാംശങ്ങളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 മരാമത്ത് പ്രവൃത്തി സംബന്ധിച്ച കരാറുകാരനെ തിരഞ്ഞെടുക്കുന്നതിൽ സുതാര്യത പാലിക്കേണ്ടതാണ്

പാനൂർ നഗരസഭയിലെ മരാമത്ത് സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ ഒന്നിലധികം മരാമത്ത് പ്രവൃത്തികളിൽ കരാറുകാരന്റെ അപേക്ഷ സ്വീകരിച്ച് കരാർ നൽകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 2019-20 വർഷത്തിൽ മേൽ പറഞ്ഞ വിധം പത്തോളം പ്രവൃത്തികൾക്ക് ഈ വിധത്തിൽ കരാർ നൽകിയിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | തിരഞ്ഞെടുത്ത വിധം | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|
| 1 | പഴയപോസ്ററ് ഓഫീസ് കെയർ റോഡ് | രജിത് കുമാർ.കെ.എം | 10/1/2019ലെ കരാറുകാന്റെ അപേക്ഷയുടെ അടിസാഥാനത്തിൽ | 350000 |
| 2 | കിടഞ്ഞി തീരദേശം റോഡ് റീടാറിംഗ് | " | " | 325000 |

| | | | | |
|---|---|---|---|---|
| 3 | തട്ടാങ്കണ്ടി അംഗൻവാടി കെട്ടിട പുനരുദ്ധാരണം | " | 2/9/2019 " | 280000 |
| 4 | തുലയിൽ അംഗൻവാടി കെട്ടിട പുനരുദ്ധാരണം | എം.മനോജ് | 1/9/2019 " | 100000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/10-7-2022 ന് മറുപടിയായി തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും ഒറ്റ ടെണ്ടർ പോലും ലഭ്യമല്ലാത്ത് പ്രവൃത്തികളാണ് 3.11.2003 ലെ GO(p)No.322/2003 പ്രകാരം നൽകിയിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെ ഒരു കരാറുകാരന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിലാണ് കരാർ നൽകിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം ഒന്നിധികം കരാറുകാരുമായി നെഗോഷ്യറ്റ് ചെയ്ത് കരാറുകാരനെ തെരഞ്ഞടുക്കാനാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ അർഹരായ ഒന്നിലധികം കരാറുകാരുമായി നെഗോഷ്യേറ്റ് ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കുകയോ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ അർഹരായ ഒന്നിലധികം കരാറുകാരുമായി നെഗോഷ്യേറ്റ് ചെയ്ത് കരാറുകാരനെ തിരഞ്ഞെടുക്കുന്ന രീതിയല്ല പിൻതുടർന്നിരിക്കുന്നത്എന്ന് വിലയിരുത്തുന്നു.ഇത് ശരിയായ നടപടിയല്ല. ഇത്തരം തെരഞ്ഞെടുപ്പ് കാരണം ടെണ്ടർ ഫീ ഇനത്തിൽ നഗരസഭയ്ക്കും ആയതിന്റെ ജി എസ് ടി ഇനത്തിൽ സർക്കാരിനും നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കേണ്ടതും കരാറുകാരനെ തിരഞ്ഞെടുക്കുന്നതിൽ സുതാര്യത പാലിക്കേണ്ടതുമാണ്.

## 1-43 3% തുക ജി എസ് ടി കോമ്പൻസേഷനായി തടഞ്ഞുവെച്ച തുക-സെക്രട്ടറിയുടെ അക്കൗണ്ടിൽ

പാനൂർ നഗരസഭയിലെ മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ, 32.4% കോസ്റ്റ് ഇൻഡക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ ആകെ പ്രവൃത്തി മൂല്യത്തിന്റെ 3% തുക ജി എസ് ടി കോമ്പൻസേഷനായി അനുവദിക്കുകയും പിന്നീട് തുക നൽകുന്ന വേളയിൽ പ്രസ്തുത ജി എസ് ടി കോമ്പൻസേഷൻ തുക തടഞ്ഞു വെക്കുകയും തുക സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ഒടുക്കു വരുത്തുകയും ചെയ്തു വരുന്നതായി കാണുന്നു. പിന്നീട് കരാറുകാരൻ ജി.എസ്.ടി. ഒടുക്കിയ രേഖകൾ ഹാജരാക്കുമ്പോൾ തുക തിരിച്ചു നൽകുവാൻ ഉദ്ദേശിച്ചു കൊണ്ടാണ് ഇത്തരത്തിൽ തുക പിടിച്ചു വെക്കുന്നത് എന്ന് മറുപടി (എൻക്വയറി നം.35/17.07.2022) നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരേയും ഇത്തരത്തിൽ പിടിച്ചു വച്ച സംഖ്യകൾ തിരികെ നൽകിയിട്ടില്ല. ഇത്തരത്തിൽ ഭീമമായ തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ (A/c.No.722071440000010) )നീക്കിയിരിപ്പുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തി മൂല്യം | 3% തുക ജി എസ് ടി കോമ്പൻസേഷനായി അനുവദിച്ച തുക |
|---|---|---|---|
| 1 | ചാത്തോത്ത് കണവത്ത് റോഡ് ടാറിംഗ് | 288544 | 8658 |
| 2 | നെല്ലൂർ കക്കടവത്ത് റോഡ് ടാറിംഗ് | 337817 | 10135 |
| 3 | എടപ്പറമ്പ് വാനോളി റോഡ് ടാറിംഗ് | 281490 | 8445 |
| 4 | ചേരങ്കടി കുലോത്ത് റോഡ് ടാറിംഗ് | 289706 | 8691 |
| 5 | കാരോള്ളതിൻമുക്ക് തയ്യുള്ളതിൻ മുക്ക് റോഡ് ടാറിംഗ് | 289395 | 8682 |
| 6 | പുനത്തിൽ പള്ളി ചാലിയാട്ട് റോഡ് ടാറിംഗ് | 287271 | 8618 |

| | | | |
|---|---|---|---|
| 7 | വലിയപീടിക കണിയാങ്കണ്ടി റോഡ് ടാറിംഗ് | 268511 | 7965 |

ഇത് സംബന്ധിച്ച് യുക്തമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 നെൽകൃഷിക്ക് വിത്തും കൂലിചെലവും- അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പറും പേരും | 5/20 നെൽകൃഷിക്ക് വിത്തും കൂലിചെലവും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| അടങ്കൽ തുക | 68836 (വികസന ഫണ്ട്)<br>34816 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ആകെ അടങ്കൽ | 103652 |
| ചെലവ് | 68836 (വികസന ഫണ്ട്) |
| ബിൽ നമ്പർ,തീയതി | 1/19-20,30.8.19 ₹68836 |

നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നെൽ വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുകയും, നെൽകൃഷി ചെയ്യുന്നതിന് ആനുപാതികമായി കൂലിച്ചെലവ് സബ്സിഡി നൽകുകയും ചെയ്യുന്നതാണ് പ്രോജക്ട്. കേരള സംസ്ഥാന സീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും വിത്ത് വാങ്ങിയ വകയിൽ 34020 രൂപയും 14 ഗുണഭോക്താക്കൾക്ക് കൂലിചെലവ് ഇനത്തിൽ 34816 രൂപയും വിനിയോഗിച്ചിട്ടുണ്ട്. കൂലിചെലവ് നൽകിയതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ (33/14.7.22) താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അപേക്ഷാ ഫോറങ്ങൾ അപൂർണ്ണമാണ്. പേരും ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫീൽഡ്തല പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ചേർക്കുന്നില്ല.

2. കൃഷി ചെയ്ത കൃഷിഭൂമിയുടെ സ്ഥല വിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. പകരം കർഷകർ കരം ഒടുക്കിയ രശീതിയുടെ പകർപ്പാണ് ഹാജരാക്കിയത്. നിലമൊരുക്കുന്നിന് ചെലവഴിച്ച ചെലവ് വൗച്ചറിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. സ്ഥല വിസ്തൃതിക്കാനുപാതികമായി തന്നെയാണോ തുക അനുവദിച്ചതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3. നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

4. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ഉത്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതും പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-45 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - തുക മുഴുവൻ വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-₹29716.50 അടവാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |

| | |
|---|---|
| പ്രൊജക്റ്റ് നം | 129/20 |
| അടങ്കൽ | ₹11,25,000<br>(തനത് ഫണ്ട് – ₹281250<br>സംസ്ഥാനാവിഷ്കൃത ഫണ്ട് – ₹281250<br>മറ്റുള്ളവ – ₹562500) |
| ചെലവ് | ₹281250 തനത് ഫണ്ട്<br>312850810119005/27-01-2020 |

എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൌണ്ടിലേക്കാണ് തുക ക്രെഡിറ്റ് ചെയ്തത്. മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/19-07-2022) ലഭ്യമാക്കിയ മറുപടിയോടൊന്നിച്ച് ₹251533.50 ചെലവഴിച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ₹29716.50 സഞ്ചിത നിധിയിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 പി എച്ച് സി മേക്കുന്നിന് വേണ്ടി ഹെമറ്റോളജി മെഷീൻ വാങ്ങൽ-തനത് ഫണ്ടിലെ ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. |
| പദ്ധതിയുടെ പേര് | ഹെമറ്റോളജി മെഷീൻ വാങ്ങൽ –പി. എച്ച്. സി. മേക്കുന്നിന് വേണ്ടി |
| പ്രൊജക്റ്റ് നം | 76/20 |
| അടങ്കൽ | ₹145000/- (വികസന ഫണ്ട്)<br>₹30,000/- (തനത് ഫണ്ട്)<br>ആകെ - ₹175000/- |
| ചെലവ് | ₹145000/- (സുലേഖ പ്രകാരം)<br>₹171360/- (യഥാർത്ഥ ചെലവ്) |
| ബിൽനം/ചെക്ക് നം.,തീയ്യതി-തുക | 9/19-20, 18.11.19 - ₹1,45,000/-<br>5577009,20.03.2020 - ₹26360/- |

പാനൂർ നഗരസഭയുടെ 'പി.എച്ച്.സി. മേക്കുന്നിന് വേണ്ടി ഹെമറ്റോളജി മെഷീൻ വാങ്ങൽ' എന്ന പ്രോജക്റ്റിന് ആകെ അടങ്കൽ തുകയായ 175000/-രൂപയിൽ വികസന ഫണ്ട് വിഹിതമായ 145000/- രൂപ മുഴുവനായും തനത് ഫണ്ട് വിഹിതമായ 30000/- രൂപയിൽ 26360/- രൂപ, ചെക്ക് നം.5577009 തീ. 20.03.2020 പ്രകാരവും ചെലവായിട്ടുണ്ട് എന്നാൽ സുലേഖ ചെലവ് പത്രികയിൽ തനത് ഫണ്ടിലെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5, തീ.10-07-2022) മറുപടി ലഭ്യമായിട്ടില്ല. ഇത്തരം അപാകതകൾ ഗൗരവകരമായി കാണേണ്ടതും ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-47 പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള പ്രോജക്റ്റ് രജിസ്റ്റർ നിലവിൽ സൂക്ഷിച്ചിട്ടില്ല ആയത് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ക്യാഷ് ബുക്കിൽ വികസന ഫണ്ടിൽ നിന്നുള്ള തുകകളുടെ ചെലവുകൾ മാത്രമേ നിലവിൽ രേഖപ്പെടുത്തുന്നുള്ളൂ. തനത് ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകകളുടെ ചെലവുകൾ കൂടി ഇതിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-48 തുടർസാക്ഷരത - തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | 79/20 പത്താം തരം,പ്ലസ് വൺ തുല്യത പദ്ധതി |
| അടങ്കൽ | ₹ 2,50,000 തനത് ഫണ്ട് |
| ചെലവ് | ₹ 243200 |
| ചെക്ക് നമ്പർ/തീയതി | ചെക്ക് നമ്പർ,തീയതി-5577015,28.3.2020 ₹44400<br>ചെക്ക് നമ്പർ,തീയതി-5577016,28.3.2020 ₹18000<br>ചെക്ക് നമ്പർ,തീയതി-5577017,28.3.2020 ₹180800 |

'പത്താംതരം, ഹയർ സെക്കണ്ടറി, ഗുഡ് ഇംഗ്ലീഷ് തുല്യതാ പഠനം' എന്ന പദ്ധതിക്കായി 24 പത്താംതരം തുല്യതാ പഠിതാക്കൾക്കായി 44400/രൂപ (1850*24) കേരള സംസ്ഥാന സാക്ഷരത മിഷന്റെ 57026996123 അക്കൗണ്ടിലേക്കും 37 ഹയർ സെക്കണ്ടറി (+1 പഠിതാക്കൾ 23 ,+2 പഠിതാക്കൾ 14 ഉം) തുല്യതാ പഠിതാക്കൾക്കായി 88,300/- രൂപ (23*2500 +14*2200) 0288010013102 അക്കൗണ്ടിലേക്കും 12 ഗുഡ് ഇംഗ്ലീഷ് പഠിതാക്കൾക്കായി ₹18000 (@1500*12) 38444973881 നമ്പർ അക്കൗണ്ടിലേക്കും 2018-19 വർഷത്തെ 37 ഹയർ സെക്കണ്ടറി പഠിതാക്കളുടെ ഫീസ് കുടിശ്ശിക ₹92500 (37 *2500) 0288010013107 നമ്പർ അക്കൗണ്ടിലേക്കും ആകെ 243200/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റെ വിവരം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/11.7.22) കോഴ്സ് പൂർത്തിയാക്കിയ പഠിതാക്കളുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-49 ബാലസഭ ശാക്തീകരണം- സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല ₹30000തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ, പേര് | 87/20, ബാലസഭ പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹ 80000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 80000 |
| ബിൽ നമ്പർ, തീയതി | 19220747004801476399,12-03-2020-₹50000<br>19220747004801476610,12.3.2020,₹30000 |

മേല്പറഞ്ഞ ബില്ലുകൾ പ്രകാരം മാറിയ തുക പാനൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ബാലസഭ ശാക്തീകരണവുമായി ബന്ധപ്പെട്ട് നഗരസഭാതലത്തിൽ 150 കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് 2 ദിവസത്തെ സഹവാസ ക്യാമ്പ് നടത്തിയതിന് ₹50000വും 81 കുട്ടികൾക്കായി ഒരു ദിവസത്തെ പഠനയാത്ര സംഘടിപ്പിച്ചതിന് ₹30000വും ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എം.എസ്)22/2018/തസ്വഭവ, 14.2.2018) 7.6.17 പ്രകാരം മുനിസിപ്പൽതല പ്രവർത്തനത്തിന് 50000 രൂപയിൽ അധികരിക്കാതെ തുക ചെലവഴിക്കാവുന്നതാണ് എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 50000 രൂപയ്ക്ക് പകരം 80000 രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി ₹30000 അധികം ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ കാരണം 30000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി37/17.7.22).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പി സി എ അനുവദിച്ചത് അധികം നൽകിയ 3247/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ജി.ഒ.(പി)7/2016/ധന തീയതി 20-01-2016 പ്രകാരം പർമനെന്റ് കൺവേയൻസ് അലവൻസ് (പി.സി.എ) അനുവദിക്കാവുന്ന ജീവനക്കാരുടെ പട്ടികയിൽ ഉൾപ്പെടാത്ത ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന താഴെ പറയുന്ന ജീവനക്കാർക്ക് പ്രതിമാസം 100 രൂപ വീതം പി.സി.എ അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കാത്ത വിഭാഗം ജീവനക്കാർക്ക് പി.സി എ അനുവദിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | മാസം | ബിൽ മാറിയ തീയതി | ശ്രീമതി ഷജില വി പി(LWA 16-10-2019 TO26-10-2019) | ശ്രീമതി ഗ്രീഷ്മ പി വി (15-11-2019 ന് വിടുതൽ ചെയ്തു) | ശ്രീ. മന രാമകൃഷ്ണൻ | ശ്രീ ബിജീഷ് എൻ (ജോലിയിൽ പ്രവേശിച്ചത് 19-08-2019) | ശ്രീമതി നിഷാ കുമാരി തങ്കപ്പൻ (ജോലിയിൽ പ്രവേശിച്ചത് 16.11.2019) |
|---|---|---|---|---|---|---|---|
| 1 | 03/2019 | 04-04-2019 | 100 | 100 | 100 | 0 | 0 |
| 2 | 04/2019 | 02-05-2019 | 100 | 100 | 100 | 0 | 0 |
| 3 | 05/2019 | 31-06-2019 | 100 | 100 | 100 | 0 | 0 |
| 4 | 06/2019 | 01-07-2019 | 100 | 100 | 100 | 0 | 0 |
| 5 | 07/2019 | 01-08-2019 | 100 | 100 | 100 | 0 | 0 |
| 6 | 08/2019 | 03-09-2019 | 100 | 100 | 100 | 42 | 0 |
| 7 | 09/2019 | 01-10-2019 | 100 | 100 | 100 | 100 | 0 |
| 8 | 10/2019 | 31-11-2019 | 85 | 100 | 100 | 100 | 0 |
| 9 | 11/2019 | 02-12-2019 | 100 | 50 | 100 | 100 | 50 |
| 10 | 12/2019 | 01-01-2020 | 100 | 0 | 100 | 100 | 100 |
| | ആകെ | | 985 | 850 | 1000 | 442 | 150 |

3247/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/17-07-2022) തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലും ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പി.സി.എ. അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കൂടി ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധിവേതനം അനുവദിച്ചതിലെ അപാകങ്ങൾ. 2685 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജിത അവധി വേതനം അനുവദിച്ചതിലെ അപാകങ്ങൾ. 2685 രൂപയുടെ ചെലവ് നിരാകരിക്കുന്നു. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് KSR അനുബന്ധം എട്ടിൽ നിർദ്ദേശിച്ചവിധം പതിനഞ്ച് ദിവസത്തെ ആർജിത അവധി വേതനം മാത്രമാണ് അനുവദനീയം. എന്നാൽ സ്മേര.പി.കെ, ഓവർസീയർക്ക് 20 ദിവസത്തെ അവധി ശമ്പളം അനുവദിച്ചിട്ടുണ്ട്.

ചെക്ക് നമ്പർ തീയതി തുക – 8,73,414/15-04-2019 ₹11935

| അടിസ്ഥാന വേതനം | സറണ്ടർ ചെയ്ത ദിനങ്ങൾ | കൈപ്പറ്റിയ വേതനം | 15 ദിവസത്തെ വേതനം | അധികം കൈപ്പറ്റിയത് |
|---|---|---|---|---|
| 18,500 | 20 | 11935 | 9250 | 2685 |

2685 രൂപ അധികം നൽകിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/15-07-2022) തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2685 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 ദിവസ വേതനം അധികം നൽകി 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു

വൗച്ചർ നമ്പർ 21900048/24-12-2019

ദിവസവേതനാടിസ്ഥാനത്തിൽ മേക്കുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ജോലിചെയ്ത ശ്രീ. പ്രഭു.വി ഫാർമസിസ്റ്റിന് നവംബർ മാസം ജോലിചെയ്തതിന് പ്രതിദിനം 830 രൂപ നിരക്കിൽ 27 ദിവസം ജോലിചെയ്തതിന് 22410 രൂപ അനുവദിച്ചിട്ടുണ്ട്. നവംബർ മാസം 31 ദിവസം കണക്കാക്കിയാണ് തുക അനുവദിച്ചത്. ഇത് കാരണം ഒരു ദിവസത്തെ വേതനം 830 രൂപ അധികമായി നൽകിയിട്ടുണ്ട്. അപാകങ്ങൾക്ക് കാരണം അറിയിക്കുന്നതിന് നൽകി ഓഡിറ്റ് അന്വേഷണത്തിന് (25/15-07-2022 ) മറുപടി നൽകിയിട്ടില്ല. 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-4 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ ₹65000യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 28/2020,എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹500000(വികസന ഫണ്ട്,എസ്.സി.പി) |
| ചെലവ് | ₹325000 19220747003001261340/13-02-2020 |
| | ₹50000 19220747003001391611/03-03-2020 |
| | ₹50000 19220747003001391602/03-03-2020 |
| | ₹50000 19220747003001391605/03-03-2020 |
| | ₹25000 19220747003001460817/11-03-2020 |

എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടിയാണ് മേൽ തുക ചെലവഴിച്ചത്. സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 നമ്പർ ഉത്തരവ് ഖ.7.2.5 പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനുള്ള അനുവദനീയ നിരക്കിനേക്കാൾ കൂടുതലായി തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | കോഴ്സിന്റെ പേര് | അനുവദനീയ നിരക്ക് | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | വിസ്മയ രാമകൃഷ്ണൻ D/O രാമകൃഷ്ണൻ.കെ | ബി.എ.ഹിസ്റ്ററി | 20000 | 25000 | 5000 |
| 2 | അശ്വതി.കെ D/O ശശികുമാർ.കെ | ബി.എസ്.സി സുവോളജി | 20000 | 25000 | 5000 |
| 3 | അതുൽകൃഷ്ണ.എം.ആർ S/O മുരളീധരൻ | എൻ.ടി.ടി.എഫ് ഡിപ്ലോമ | 20000 | 25000 | 5000 |
| 4 | നയന.എം D/O മോഹൻദാസ്.എം.പി | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & ബിസിനസ് മാനേജ്മെന്റ് ഡിപ്ലോമ | 20000 | 25000 | 5000 |

| | | | | | |
|---|---|---|---|---|---|
| 5 | അക്ഷയ്.കെ S/Oകരുണൻ.കെ | ബി.എസ്.സി കെമിസ്ട്രി | 20000 | 25000 | 5000 |
| 6 | രാഹുൽ രാജ്.സി.കെ S/Oധർമ്മരാജ്.സി.കെ | ബി.കോം | 20000 | 25000 | 5000 |
| 7 | രാഗിൻ രാജ്.സി.കെ S/Oധർമ്മരാജ്.സി.കെ | ബി.എ.ഇംഗ്ലീഷ് | 20000 | 25000 | 5000 |
| 8 | റിച്ചിൻ ബാബു S/O ബാബു.പി | ബി.എസ്.സി | 20000 | 25000 | 5000 |
| 9 | ഗൌതം.എൻ.എ S/O അരവിന്ദൻ.എം.ടി | ബി.എസ്.സി | 20000 | 25000 | 5000 |
| 10 | അശ്വിൻ.കെ S/Oഷാജി.കെ | സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമ | 20000 | 25000 | 5000 |
| 11 | ആദർശ് .എ.പി S/Oപുരുഷു.എ.പി | ബി.കോം | 20000 | 25000 | 5000 |
| 12 | ശ്രീലക്ഷ്മി.എൻ.കെ D/Oകുമാരൻ.എൻ.കെ | ബി.എ.ഫങ്ഷണൽ ഇംഗ്ലീഷ് | 20000 | 25000 | 5000 |
| 13 | ശ്രീനിത.എൻ.കെ D/Oശ്രീധരൻ | ബി.എസ്.സി ഒപ്റ്റോമെട്രി | 20000 | 25000 | 5000 |
| | | | | ആകെ | ₹65000 |

മേൽ കൊടുത്ത പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം നൽകിയതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/11-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹65000 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
കൂടാതെ പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല
2. കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതിനാൽ വിദ്യാർത്ഥികളുടെയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളുടെ കോഴ്സ്, വർഷം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
3. അശ്വതി.കെ D/O ശശികുമാർ.കെ എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊന്നിച്ച് ഹാജരാക്കിയ അക്കൗണ്ട് നമ്പർ 67268363905 ആണ്. എന്നാൽ ബിൽ പ്രകാരം തുക ക്രെഡിറ്റ് ചെയ്തിരിക്കുന്നത് 67213485747 എന്ന അക്കൗണ്ടിലാണ്. പ്രസ്തുത അക്കൗണ്ട് രാഗിൻ രാജ് S/Oധർമ്മരാജ്.സി.കെ എന്ന വിദ്യാർത്ഥിയുടെ അപേക്ഷ പ്രകാരമുള്ളതാണ്. ആയതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/11-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ തുക നൽകിയതെന്ന് പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 07.07.2022, 08.07.2022 | കെഎസ്എ/കെഎൻആർ/സി.15 /1050/2022 തീയതി: 25.07.2022. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 2,93,60,000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ ഇനം | ലഭിച്ചതുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായതുക | ഒടുക്കിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹഡ്കോ | 2,93,60,000 | ലഭിച്ചിട്ടില്ല | ലഭ്യമല്ല | ഇല്ല | ലഭ്യമല്ല |

2018-19 വർഷം 56,40,000 രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത വിവരം 2018-19ലെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ തുകയിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം, നീക്കിയിരിപ്പ് എന്നിവ 2018-19 വാർഷിക ധനകാര്യ പത്രികയിൽ (ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക 4-5) ഉൾപ്പെടുത്താത്തതിനാൽ മുൻവർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള തുകയുടെ വിവരം ലഭ്യമായിട്ടില്ല. വായ്പാ വരവ് തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. വായ്പ രജിസ്റ്ററും കണക്കുകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,04,88,207.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,63,87,388.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71,762 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,18,143 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-19 | | 3,247 | 300/-ശ്രീ.സന്തോഷ്.എൽ.പുറക്കാട് |

| | | | |
|---|---|---|---|
| | | | (സെക്രട്ടറി-ഇൻ-ചാർജ്ജ്)<br>1542/-<br>ശ്രീ.മമ്പള്ളി സന്തോഷ് കുമാർ (സെക്രട്ടറി )<br>1405/-<br>ശ്രീ.കെ.ജി.രവീന്ദ്രൻ (സെക്രട്ടറി ) |
| 1-20 | | 2,685 | ശ്രീ.മമ്പള്ളി സന്തോഷ് കുമാർ (സെക്രട്ടറി ) |
| 1-21 | | 830 | ശ്രീ.കെ.ജി.രവീന്ദ്രൻ,(സെക്രട്ടറി ) |
| 1-35 | | 65,000 | ശ്രീ.കെ.ജി.രവീന്ദ്രൻ,(സെക്രട്ടറി ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 43,554 | ശ്രീ.കെ.ജി.രവീന്ദ്രൻ, (സെക്രട്ടറി ) |
| 1-23 | 1,950 | ശ്രീ.മമ്പള്ളി സന്തോഷ് കുമാർ, ( സെക്രട്ടറി ) |
| 1-24 | 4,999 | ശ്രീ.കെ.ജി.രവീന്ദ്രൻ, (സെക്രട്ടറി ) |
| 1-27 | 14,161 | 7376 -ശ്രീ.മമ്പള്ളി സന്തോഷ് കുമാർ(സെക്രട്ടറി )<br>6785 -ശ്രീ.കെ.ജി.രവീന്ദ്രൻ, (സെക്രട്ടറി ) |
| 1-29 | 13,82,381 | ശ്രീ.കെ.ജി.രവീന്ദ്രൻ, (സെക്രട്ടറി ) |
| 1-31 | 77,290 | ശ്രീ.മമ്പള്ളി സന്തോഷ് കുമാർ, (സെക്രട്ടറി ) |
| 1-32 | 38,902 | ശ്രീ.മമ്പള്ളി സന്തോഷ് കുമാർ, (സെക്രട്ടറി ) |
| 1-33 | 7,55,000 | 7,50,000-<br>ശ്രീ.സന്തോഷ്.എൽ.പുറക്കാട്<br>(സെക്രട്ടറിഇൻചാർജ്ജ്)<br>5000/-<br>ശ്രീ.മമ്പള്ളി സന്തോഷ് കുമാർ (സെക്രട്ടറി ) |
| 1-34 | 9,817 | ശ്രീ.കെ.ജി.രവീന്ദ്രൻ, (സെക്രട്ടറി ) |
| 1-37 | 2,96,000 | ശ്രീ.കെ.ജി.രവീന്ദ്രൻ, (സെക്രട്ടറി ) |
| 1-38 | 1,49,506 | ശ്രീ.സുരേഷ് കുമാർ.സി (ഹെൽത്ത് ഇൻസ്പെക്ടർ) |
| 1-40 | 40,000 | ശ്രീ.കെ.പ്രകാശൻ (ഹെൽത്ത് ഇൻസ്പെക്ടർ) |
| 1-41 | 4,29,583 | ശ്രീ.കെ.പ്രകാശൻ (ഹെൽത്ത് ഇൻസ്പെക്ടർ) |

| | | |
|---|---|---|
| 1-45 | 30,000 | ശ്രീ.സുരേഷ് കുമാർ.സി (ഹെൽത്ത് ഇൻസ്പെക്ടർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സന്തോഷ്.എൽ.പുറക്കാട് (സെക്രട്ടറി-ഇൻ-ചാർജ്ജ്) | സൂപ്രണ്ട് ആലപ്പുഴ നഗരസഭ | ദേവസ്വം പറമ്പ് ,പുറക്കാട്ട് (പി ഒ),അമ്പലപ്പുഴ,ആലപ്പുഴ 688561 |
| ശ്രീ.മമ്പള്ളി സന്തോഷ്കുമാർ (സെക്രട്ടറി ) | സെക്രട്ടറി, കട്ടപ്പന നഗരസഭ | കുന്നമ്മൽ(ഹൗസ് ) ഉരുവച്ചാൽ (പി ഒ), മട്ടന്നൂർ |
| ശ്രീ.കെ.ജി.രവീന്ദ്രൻ, (സെക്രട്ടറി ) | പ്രൊവിഷണൽ സെക്രട്ടറി,കൽപ്പറ്റ നഗരസഭ | ശിവ കൃപ,വിദ്യാനഗർ,കൽപ്പറ്റ നോർത്ത് , കൈനാട്ടി,മുട്ടിൽനോർത്ത്, പരിയാരം,വയനാട്-673122 |
| ശ്രീ.കെ.പ്രകാശൻ (ഹെൽത്ത് ഇൻസ്പെക്ടർ) | ഹെൽത്ത് ഇൻസ്പെക്ടർ, താനൂർ നഗരസഭ | ലഭ്യമല്ല |
| ശ്രീ.സുരേഷ് കുമാർ.സി (ഹെൽത്ത് ഇൻസ്പെക്ടർ) | ഹെൽത്ത് ഇൻസ്പെക്ടർ, പയ്യന്നൂർ നഗരസഭ | ഇന്ദുലേഖ, എം.എം.ബസാർ.പി.ഒ, പിലാത്തറ, പയ്യന്നൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ബി2/183 /2017/ തീയതി 10.02.2017 | 14 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി13/1839 /2017/ തീയതി 19.12.2017 | 20 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.16 /113/2019/ തീയതി 25.3.2019 | 33 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി16/1091 /2020/ തീയതി 29.6.2021 | 32 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

4-12 ഓഡിറ്റ് നിർദേശപ്രകാരം തിരിച്ചടച്ച തുകയുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി | വിഷയം | ഒടുക്കിയ തുക | ഒടുക്ക് വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 3/9-7-2022 | ഒഴിഞ്ഞ ടാർ ബാരലിന്റെ ജി എസ് ടി തുക | 300 | രശീത് നമ്പർ 01/122010105203 തീയതി 12/7/22 | - |
| 2 | 4/9-7-2022 | പിഴ തുക ഈടാക്കിയതിൽ കുറവ് | 6023 | രശീത് നമ്പർ 01/122010105205 തീയതി 12/7/22 | - |
| ആകെ ഒടുക്കിയ തുക | | | 6323 | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## RECEIPT & PAYMENT STATEMENT

| Panoor Municipality RECEIPT & PAYMENT STATEMENT For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 65931485.00 |
| Cash | Cash | RP-40(a) | 3637.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3071582.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 19160.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1740.00 |
| 140000000 | Fees & User Charges | RP-4 | 2823837.00 |
| 150000000 | Sale & Hire Charges | RP-5 | 149595.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 61313398.00 |
| 171000000 | Interest Earned | RP-8 | 711706.00 |
| 180000000 | Other Income | RP-9 | 11372.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 10931319.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 4151266.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 25476711.00 |
| 330000000 | Secured Loans | RP-25 | 29360000.00 |
| 340000000 | Deposits Received | RP-27 | 764315.00 |
| 350000000 | Other Liabilities | RP-29 | 1687206.00 |
| 460000000 | Loans, Advances and Deposits | RP-41 | 15000.00 |
| | Grand total | | 206423329.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 13768085.00 |
| 220000000 | Administrative Expenses | RP-11 | 3800358.00 |
| 230000000 | Operations & Maintenance | RP-12 | 2658553.00 |
| 240000000 | Interest & Finance Charges | RP-13 | 2039982.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 59641488.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-45 | 7763063.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 11134625.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 2961111.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 676423.00 |
| 350000000 | Other Liabilities | RP-29 | 6562787.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | -10417363.00 |
| 311000000 | Earmarked Funds | RP-22 | 449712.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 368173.00 |
| 340000000 | Deposits Received | RP-27 | 4000.00 |
| 350000000 | Other Liabilities | RP-29 | 8262700.00 |
| 410000000 | Fixed Assets | RP-31 | 5077290.00 |
| 412000000 | Capital work in Progress | RP-33 | 1406401.00 |
| 460000000 | Loans, Advances and Deposits | RP-41 | 230000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 90035941.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 206423329.00 |

## അനുബന്ധം-3-2

## INCOME & EXPENDITURE STATEMENT

| Panoor Municipality INCOME & EXPENDITURE STATEMENT For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 12413325.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 19160.00 |

| | | | |
|---|---|---|---|
| | | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 704140.00 |
| 140000000 | Fee & User Charges | I-4(b) | 3872347.00 |
| 150000000 | Sale & Hire Charges | I-5(b) | 149595.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 126031238.00 |
| 171000000 | Interest Earned | I-8 | 711706.00 |
| 180000000 | Other Income | I-9 | 11372.00 |
| | Total Income | | 143912883.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 23238739.00 |
| 220000000 | Administrative Expenses | I-11(b) | 9604196.00 |
| 230000000 | Operations & Maintenance | I-12(b) | 3062878.00 |
| 240000000 | Interest & Finance Charges | I-13 | 2039982.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 102876743.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 3885921.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 11704713.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 2561111.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 676423.00 |
| 272000000 | Depreciation | I-17(a) | 364534.00 |
| | Total Expenditure | | 160015240.00 |
| | Gross Surplus/ Deficit of income over Expenditure | | -16102357.00 |
| 280000000 | Prior Period Item | I-18 | -12800960.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3301397.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

അനുബന്ധം-3-3

BALANCE SHEET

| Panoor Municipality BALANCE SHEET<br>As on 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 48016599.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 1552642.00 |

| | | | |
|---|---|---|---|
| | Agency Fund | | |
| 312000000 | Reserves | B-3 | 55091220.00 |
| | Total Reserve & Surplus | | 104660461.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 28780580.00 |
| | Total Grants, Contributions for Specific Purposes | | 28780580.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 29360000.00 |
| | Total Loans | | 29360000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2512794.00 |
| 350000000 | Other Liabilities | B-9 | 8036702.00 |
| | Total Current Liabilities and Provisions | | 10549496.00 |
| | TOTAL LIABILITIES | | 173350537.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86850454.00 |
| 411000000 | Accumulated Depreciation | B-11 | -10003336.00 |
| 412000000 | Capital Work in Progress | B-11 | 2088988.00 |
| | Total Fixed Assets | | 78936106.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 4164507.00 |
| 450000000 | Cash and Bank Balance | B-17 | 90035941.00 |
| 460000000 | Loans, Advances and Deposits | B-18 | 213983.00 |
| | Total Current Assets, Loans and Advances | | 94414431.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 173350537.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ